www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

2024 OCTOBER 22 TUESDAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# രാജ്യത്തെ ബാങ്കുകളുടെ ലാഭത്തിൽ മികച്ച വർധന

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തെ മൂന്നാം ത്രൈമാസ കാലയളവിൽ രാജ്യത്തെ ബാങ്കുകളുടെ ലാഭത്തിൽ മികച്ച വർധന. എച്ച്ഡിഎഫ്സി ബാങ്ക്, കോട്ടക് മഹീന്ദ്ര ബാങ്ക്, ആക്സിസ് ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, സെൻട്രൽ ബാങ്ക് ഒഫ് ഇന്ത്യ, യൂകോ ബാങ്ക് തുടങ്ങിയവ അറ്റാദായത്തിലും വരുമാനത്തിലും മികച്ച വളർച്ച നേടി. മുഖ്യ പലിശ നിരക്ക് ഉയർന്ന തലത്തിൽ തുടരുന്നതാണ് വരുമാനം കൂടാൻ സഹായിച്ചത്. ഇതോടൊപ്പം ആഗോള വിപണിയിൽ നിന്ന് കുറഞ്ഞ ചെലവിൽ പണം സമാഹരിക്കാൻ കഴിഞ്ഞതും നേട്ടമായി. ജൂലൈ മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ എച്ച്ഡിഎഫ്സി ബാങ്കിൻറെ അറ്റാദായം 5.3% വർധനയോടെ 16,821 കോടി രൂപയായി. ബാങ്കിൻറെ അറ്റ പലിശ വരുമാനം 10% വളർച്ചയോടെ 30,113 കോടി രൂപയിലെത്തി. കോട്ടക് മഹീന്ദ്ര ബാങ്കിൻറെ അറ്റാദായം ഇക്കാലയളവിൽ 5% വർധനയോടെ 3,344 കോടി രൂപയായി. പലിശ വരുമാനം 11% ഉയർന്ന് 7,020 കോടി രൂപയിലെത്തി.



ആക്സിസ് ബാങ്കിൻറെ അറ്റാദായം 18% വർധനയോടെ 6,918 കോടി രൂപയായി. പലിശ വരുമാനം ഒൻപത്% വർധനയോടെ 13,483 കോടി രൂപയിലെത്തി.

ജൂലൈ സെപ്തംബർ മാസങ്ങളിൽ പ്രമുഖ സ്വകാര്യ ബാങ്കുകളുടെ നിക്ഷേപ സമാഹരണത്തിലും മികച്ച വളർച്ചയുണ്ട്. എച്ച്ഡിഎഫ്സി ബാങ്കിൻറെ സ്ഥിര നിക്ഷേപങ്ങൾ 15.1% ഉയർന്ന് 25,00,100 കോടി രൂപയിലെത്തി. വായ്പാ വിതരണം 7% വളർച്ചയോടെ 25,19,000 കോടി രൂപയായി.

കോട്ടക് മഹീന്ദ്ര ബാങ്കിൻറെ നിക്ഷേപങ്ങൾ 16% ഉയർന്ന് 4,46,110 കോടി രൂപയിലെത്തി. വായ്പകൾ ഇക്കാലയളവിൽ 17% വളർച്ചയോടെ 419,108 കോടി രൂപയിലെത്തി. ആക്സിസ് ബാങ്കിൻറെ നിക്ഷേപങ്ങൾ ഇക്കാലയളവിൽ 11% വളർച്ചയോടെ 9,99,979 കോടി രൂപയിലെത്തി. വായ്പാ വിതരണം 2% വളർച്ചയോടെ 5,98,715 രൂപയിലെത്തി.

3 മാസത്തിനിടെ ബാങ്കുകളുടെ കിട്ടാക്കടം കൂടുകയാണെന്നാണ് പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്.

എച്ച്ഡിഎഫ്സി ബാങ്കിൻറെ മൊത്തം നിഷ്ക്രിയ ആസ്തി ജൂലൈ സെപ്തംബർ മാസങ്ങളിൽ 0.03 ഉയർന്ന് 1.36 ശതമാനമായി. അറ്റ കിട്ടാക്കടം 0.41 ശതമാനമായി ഉയർന്നു. കോട്ടക് ബാങ്കിൻറെ നിഷ്ക്രിയ ആസ്തി 0.41 ശതമാനമായി ഉയർന്നു.

# വിമാന സർവീസുകൾക്കെതിരെ വ്യാജ ബോംബ് ഭീഷണി: ഗുരുതര കുറ്റകൃത്യമാക്കുന്നത് പരിഗണനയിലെന്ന് കേന്ദ്രം

**ന്യൂഡൽഹി:** വിമാന സർവീസുകൾക്കെതിരെ വ്യാജ ബോംബ് ഭീഷണി മുഴക്കുന്നത് ഗുരുതര കുറ്റകൃത്യമാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ. കേന്ദ്ര വ്യോമയാന മന്ത്രി കെ.റാം മോഹൻ നായിഡുവാണ് ഇതു സംബന്ധിച്ച് സുപ്രധാന വിവരം പ്രഖ്യാപിച്ചത്.

ഇതിനായി നിയമഭേദഗതി കൊണ്ടുവരുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ആലോചനയിലുണ്ടെന്നും റാം മോഹൻ നായിഡു അറിയിച്ചു. നിലവിൽ രാജ്യത്തെ വിമാന സർവീസുകൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ഭീഷണി സന്ദേശത്തെ കുറിച്ച് അന്വേഷണം നടക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

“ഭീഷണികൾ നിസാരമായി കാണാനാകില്ലെന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. വ്യാജ കോളുകൾക്കെതിരെയും ഇ മെയിലുകൾക്കെതിരെയും കർശന നടപടി വേണം. ഇത്തരം വ്യാജ ഭീഷണികൾ യാത്രക്കാർക്കും കമ്പനികൾക്കും വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്. ഇതിനു പരിഹാരം കണ്ടെത്തിയേ മതിയാകൂ.ഏത് എയർലൈനു ഭീഷണിയുണ്ടായാലും അത് ഞങ്ങൾക്കെതിരെയുള്ള ഭീഷണിയായി തന്നെയാണ് കണക്കാക്കുന്നത്. വിപിഎൻ ഉപയോഗിച്ചാണ് പലരും വ്യാജ കോളുകൾ ചെയ്യുന്നത്. അതിനാൽ തന്നെ വേറെ രാജ്യങ്ങളിൽ നിന്നായിരിക്കും ഈ കോളുകൾ വരുന്നത്.” റാം മോഹൻ നായിഡു ഡൽഹിയിൽ മാധ്യമങ്ങളോട് പ്രതികരിച്ചു.

# സ്വർണവില 58,500 ലേക്ക്

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവില റെക്കോർഡുകൾ തകർത്തുള്ള കുതിപ്പ് തുടരുന്നു. ചരിത്രത്തിലെ ഏറ്റവും വലിയ വിലയിലാണ് സ്വർണവ്യാപാരം നടക്കുന്നത്. ഇന്നലെ പവന് 160 രൂപ വർധിച്ചതോടെ ഒരു പവൻ സ്വർണത്തിൻറെ വില 58,400 രൂപയായി. ഗ്രാമിന് 20 രൂപയാണ് വർധിച്ചത്. 7300 രൂപയാണ് ഒരു ഗ്രാം സ്വർണത്തിൻറെ ഇന്നലത്തെ വില.

ഒക്ടോബർ 16നായിരുന്നു സംസ്ഥാനത്ത് ചരിത്രത്തിലാദ്യമായി സ്വർണവില 57,000 കടന്നത്. പിന്നീടുള്ള ദിവസങ്ങളിലും സ്വർണവില കുതിച്ചുയർന്ന് പുത്തൻ റെക്കോർഡുകളുണ്ടാക്കി. ഒക്ടോബർ 19 നായിരുന്നു ആദ്യമായി സ്വർണവില 58000 കടന്നത്. അതും മറികടന്നാണ് സ്വർണവില ഉയർന്നിരിക്കുന്നത്. വെള്ളിയുടെ വിലയിൽ മാറ്റമില്ല. ഒരു ഗ്രാം വെള്ളിയുടെ വില 98 രൂപയാണ്.

# അതിർത്തിയിലെ പട്രോളിങ്ങിന് ഇന്ത്യ ചൈന ധാരണ

**ന്യൂഡൽഹി:** അതിർത്തിയിലെ നിയന്ത്രണരേഖയിൽ പട്രോളിങ് നടത്തുന്നതിന് ഇന്ത്യയും ചൈനയും തമ്മിൽ ധാരണയായി. ഏതാനും ആഴ്ചകളായി നടത്തിവരുന്ന ചർച്ചകളാണ് പരിസമാപ്തിയിലെത്തിയിരിക്കുന്നതെന്ന് ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്റി വ്യക്തമാക്കി.2020 മുതൽ ഇരുരാജ്യങ്ങൾക്കുമിടയിൽ രൂക്ഷമായ അതിർത്തി സംഘർഷത്തിൽ ഇളവ് വരുത്താൻ ഉദ്ദേശിച്ചുള്ളതാണ് പട്രോളിങ് സംവിധാനങ്ങൾ സംബന്ധിച്ച ധാരണ. പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യയിലെ കസാനിലേക്കു പോകുന്നതിനു മുന്നോടിയായാണ് പ്രഖ്യാപനം.ഇതോടെ, ഇരുരാജ്യങ്ങളും അതിർത്തിയിൽ നടത്തിയിട്ടുള്ള വൻ സൈനിക വിന്യാസത്തിൽ കുറവ് വരുത്താനും വഴി തെളിഞ്ഞു. ഓഗസ്റ്റിൽ നടത്തിയ ഉഭയകക്ഷി ചർച്ചയിൽ ഇന്ത്യയും ചൈനയും അതിർത്തിയിൽ സമാധാനം ഉറപ്പാക്കാൻ ധാരണയിലെത്തിയിരുന്നു.നയതന്ത്ര, സൈനിക തലങ്ങളിൽ ചർച്ച തുടരാനുള്ള അന്നത്തെ തീരുമാനത്തിൻറെ അടിസ്ഥാനത്തിലാണ് പട്രോളിങ് സന്നാഹങ്ങൾ സംബന്ധിച്ച ചർച്ചകൾ തുടർന്നത്.നാല് വർഷമായി തുടരുന്ന അതിർത്തി സംഘർഷം ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യവസായ ബന്ധങ്ങളെ അടക്കം ബാധിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളും പുതിയ ധാരണയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.



# തിരുവിതാംകൂർ ദേവസ്വം ബോർഡിനെ രാഷ്ട്രീയ മുക്തമാക്കണം; വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി:** തിരുവിതാംകൂർ ദേവസ്വം ബോർഡ് സിപിഎമ്മിന്റെ പോഷക സംഘടനയല്ലെന്നും ബോർഡിനെ രാഷ്ട്രീയ മുക്തമാക്കണമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ഘടകം ആവശ്യപ്പെട്ടു.

ദേവസ്വം ബോർഡിലെ ഇടത് വലത് രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കണമെന്നും വിശ്വഹിന്ദു പരിഷത്ത് ആവശ്യപ്പെട്ടു. ഒക്ടോബർ 23ന് നടക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ പ്രചാരണർത്ഥം ക്ഷേത്രങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ബാനറുകളിലും, പോസ്റ്ററുകളിലും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള രാഷ്ട്രീയ നേതാക്കളുടെ ചിത്രങ്ങൾ മാത്രമാണുള്ളത്.

തിരുവിതാംകൂർ ദേവസ്വത്തിന് ക്ഷേത്രങ്ങളുടെ ഭരണ ചുമതല കൈമാറിയ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ ചിത്രം ഒഴിവാക്കിയാണ് ഇത്തവണ ഡയറി ഇറക്കിയത്. ദേവസ്വങ്ങളെ സിപിഎമ്മിന്റെ പോഷക സംഘടനയാക്കി മാറ്റാനുള്ള ബോധപൂർവ്വമായ ഇടപെടലുകളാണിതെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അദ്ധ്യക്ഷൻ വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവർ പറഞ്ഞു.

# ലീലാമേനോൻ പുരസ്കാരത്തിന് എൻട്രി ക്ഷണിക്കുന്നു

**കൊച്ചി:** പത്രപ്രവർത്തക ലീലാമേനോന്റെ സ്മരണക്കായി അന്താരാഷ്ട്ര പുസ്തകോത്സവ സമിതി ഏർപ്പെടുത്തിയിരിക്കുന്ന മാധ്യമ പുരസ്കാരത്തിന്അപേക്ഷകൾ ക്ഷണിക്കുന്നു. 2023-24 വർഷങ്ങളിൽ പത്രമാധ്യമങ്ങൾ, ടിവി ചാനലുകൾ എന്നിവയിൽ പ്രസിദ്ധീകരിച്ച സാമൂഹ്യപ്രതിബദ്ധതയുള്ള മികച്ച ഫീച്ചറിനും ഫോട്ടോയ്ക്കുമാണ് പുരസ്കാരം. രചനകൾ നവംബർ അഞ്ചിനു മുമ്പായി അയയ്ക്കുക.bookfestkochi@gmail.com

# എഫ് വൈ യു ജി പി: പുരോഗതി വിലയിരുത്തി

**കൊച്ചി:** സ്ഥാനത്തെ മുഴുവൻ ഹയർ സെക്കണ്ടറി സ്കൂളുകളിലും എഫ് വൈ യു ജി പി ഓറിയന്റേഷൻ പ്രോഗ്രാം ഒരുക്കുമെന്നും മന്ത്രി ആർ ബിന്ദു. സംസ്ഥാനത്തെ എട്ടു സർവ്വകലാശാലകളിലും 864 അഫിലിയേറ്റഡ് കോളേജുകളിലും നടപ്പിലാക്കി തുടങ്ങിയ നാലുവർഷ ബിരുദ പരിപാടിയുടെ (എഫ് വൈ യു ജി പി) പുരോഗതി കൊച്ചി സർവകലാശാലയിൽ വൈസ് ചാൻസലർമാർ, രജിസ്ട്രർമാർ, പരീക്ഷ കൺട്രോളർമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ, എന്നിവരുടെ യോഗത്തിൽ മന്ത്രിയുടെ അധ്യക്ഷതയിൽ വിലയിരുത്തി.

കേവലം സിലബസ് പൂർത്തീകരിച്ചു പരീക്ഷ നടത്തുകയല്ല ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശുപാർശ അനുസരിച്ച് ജ്ഞാനോൽപാദനത്തിനും തൊഴിലിനും നൈപുണ്യത്തിനും പ്രാധാന്യം നൽകുന്ന രീതിയിലാണ് നാലുവർഷ ബിരുദം വിഭാവനം ചെയ്തു നടപ്പാക്കുന്നത്. ഇതിന് നിലവിലെ പഠന രീതികൾ മാത്രമല്ല, പരീക്ഷ മൂല്യനിർണ്ണയ രീതികളിലും കാര്യമായ മാറ്റം ആവശ്യമാണ്.

ആശയപരമായും പ്രായോഗികമായും അദ്ധ്യാപകസമൂഹം ഈ മാറ്റത്തെ ഉൾക്കൊള്ളുന്നതിനുള്ള വിപുലമായ പരിശീലന പരിപാടികളാണ് നടത്തുന്നത്.രജിസ്ട്രാർമാരുടെ സമിതി തയ്യാറാക്കിയ ഏകീകൃത അക്കാദമിക് കലണ്ടർ അനുസരിച്ച് സർവ്വകലാശാലകൾ അക്കാദമിക് കലണ്ടർ രൂപീകരിച്ചു കഴിഞ്ഞു.വയനാട് ദുരന്തത്തിന്റെയും മഴയുടെയും പശ്ചാത്തലത്തിൽ സ്വയംഭരണ കോളേജുകളിലടക്കം ആവശ്യമായ ക്ലാസ് ലഭിച്ചിട്ടുണ്ടോ എന്ന് സർവ്വകലാശാലകൾ പരിശോധിക്കും. നഷ്ടപ്പെട്ട പ്രവൃത്തിദിനങ്ങൾക്ക് പകരം ക്ലാസ് ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അന്തർ സർവ്വകലാശാല മാറ്റത്തിനും, മറ്റു സർവ്വകലാശാലകളിൽ നിന്ന് കോഴ്സ് എടുക്കാനും അവസരം നൽകിക്കൊണ്ടുമാണ് പദ്ധതി നടപ്പാക്കുന്നത്.

അതിന് എല്ലാ സർവ്വകലാശാലകളും ഒരേസമയം പരീക്ഷ നടത്തുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതുണ്ട്.ഇക്കാര്യങ്ങളും, പ്രവേശന പ്രക്രിയ വൈകിയതും കണക്കിലെടുത്ത് ആദ്യ സെമസ്റ്റർ പരീക്ഷ നവംബർ 20 മുതൽ ഡിസംബർ 5 വരെ തീയതികളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു .




ഐ.എം.എ നാഷണൽ ഇനിഷേറ്റീവ് ഫോർ സേഫ് സൗണ്ട് (നിസ്സ്) സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ആലുവ മുട്ടത്ത് സംഘടിപ്പിച്ച വാക്കത്തോൺ

# ആരാധനാലയങ്ങളിലെ ഉച്ചഭാഷിണികളുടെ ഉപയോഗത്തിൽ നിയന്ത്രണം അനിവാര്യം: ഐ.എം.എ നിസ്സ്

**കൊച്ചി:** ആരാധനാലയങ്ങളിലെ ഉച്ചഭാഷിണികളുടെയും ഹോണുകളുടെയും അമിത ഉപയോഗം ഒഴിവാക്കണമെന്ന് ഐ.എം.എ നാഷണൽ ഇനിഷേറ്റീവ് ഫോർ സേഫ് സൗണ്ട് (നിസ്സ്) സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. ശബ്ദനിയന്ത്രണത്തിന് നിയമത്തിനൊപ്പം സ്വയം നിയന്ത്രണമാണ് വേണ്ടത്. ഹോണുകളുടെ അമിത ഉപയോഗം വലിയ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കുന്നുണ്ടെന്നും സമ്മേളനം ചൂണ്ടിക്കാട്ടി. കളമശേരി എസ്.സി.എം.എസിൽ നടന്ന സമ്മേളനം ആലുവ നഗരസഭ ചെയർമാൻ എം.ഒ ജോൺ ഉദ്ഘാടനം ചെയ്തു.

നിസ്സ് ദേശീയ ചെയർമാൻ ഡോ. ജോൺ പണിക്കർ അധ്യക്ഷത വഹിച്ചു. നിസ്സ് ദേശീയ കോർഡിനേറ്റർ ഡോ. വി.ഡി.പ്രദീപ് കുമാർ മുഖ്യ പ്രഭാഷണം നടത്തി. നിസ്സ് സംസ്ഥാന കൺവീനർ ഡോ. ഗീത നായർ, ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. ജോസഫ് ബനവൽ, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ് അബ്രഹാം, എറണാകുളം ആർടിഒ ജെർസൺ, തിരുവനന്തപുരം ആർടിഒ എ.അനന്തകൃഷ്ണൻ, എസ്.സി.എം.എസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് വൈസ് ചെയർമാൻ പ്രമോദ് തേവന്നൂർ, കോഴിക്കോട് പ്രസിഡന്റ് ഡോ.ശങ്കർ മഹാദേവൻ, ഡെപ്യൂട്ടി ഡയറക്ടർ പ്രതീക് നായർ, മനോജ് നായർ, ഡോ. നൗഷാദ് തുടങ്ങിയവർ സംസാരിച്ചു. ശബ്ദമലിനീകരണം തടയുന്നതിന് വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി സംഘടിപ്പിച്ച വട്ടമേശ സമ്മേളനത്തിൽ സാസ്കാരിക നായകർ, മത മേലദ്ധ്യക്ഷൻമാർ, തൊഴിലാളി സംഘടന നേതാക്കൾ, പോലീസ്, ഗതാഗത വകുപ്പ് ഉദ്യോഗസ്ഥർ, ഡോകൂർമാർ ഇ.എൻ.ടി അസ്സോസിയേഷൻ ഭാരവാഹികൾ, മോട്ടോർ തൊഴിലാളി പ്രതിനിധികൾ, ഐ.എം.എ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.സമ്മേളനത്തോടനുബന്ധിച്ച് ആലുവ മുട്ടത്ത് സംഘടിപ്പിച്ച വാക്കത്തോൺ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമാലാദിത്യ ഫ് ളാഗ് ഓഫ് ചെയ്തു. യംഗ് ഇൻഡ്യന്റെ നേതൃത്വത്തിൽ നടത്തുന്ന ഹോൺ നോട്ട് ഓകെ പ്ലീസ് എന്ന ക്യാംപയിന്റെ ഉദ്ഘാടനം ആർടിഒ ജെർസൺ നിർവ്വഹിച്ചു.

# ലോക ആർത്രൈറ്റിസ് ദിനം ആചരിച്ചു

**കൊച്ചി:** കോലഞ്ചേരി, കൊച്ചി: മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ഓർത്തോപീഡിക്സ് ലോക ആർത്രൈറ്റിസ് ദിനത്തിൽ 'ജോയിന്റ് ഫോർ ലൈഫ്' എന്ന പരിപാടി സംഘടിപ്പിച്ചു. സന്ധി മാറ്റിവെക്കൽ അടക്കമുള്ള സന്ധി സംരക്ഷണ നടപടിക്രമങ്ങൾക്ക് വിധേയരായവരുൾപ്പടെ അഞ്ഞൂറിലധികം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.മുൻ ചീഫ് സെക്രട്ടറി ഭരത് ഭൂഷൺ ഉദ്ഘാടനം ചെയ്തു.വൈദ്യശാസ്ത്ര സാങ്കേതിക വിദ്യകൾ സന്ധി രോഗ ചികിത്സയിൽ കൊണ്ടു വന്നിട്ടുള്ള പുരോഗതി ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിത പ്രയാസങ്ങൾ പരിഹാരം കണ്ടതായി അദ്ദേഹം പറഞ്ഞു.ചലച്ചിത്രതാരം ശിവദ നായർ വിശിഷ്ടാതിഥിയായിരുന്നു. മെഡിക്കൽ മിഷൻ സെക്രട്ടറിയും സിഇഒയുമായ ജോയ്. പി. ജേക്കബ് ; മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ഓർത്തോപീഡിക്സിലെ ഓർത്തോപീഡിക് സർജറി വിഭാഗം മേധാവി ഡോ. സുജിത് ജോസ്; എം.ഒ.എസ്.സി മെഡിക്കൽ കോളേജ് ഡീൻ ഡോ.കെ.കെ. ദിവാകർ, മെഡിക്കൽ സൂപ്രണ്ട് ഡോ.വർഗീസ് പോൾ, സ്ട്രാറ്റജിക് പ്ലാനിംഗ് ആൻഡ് മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോ.സോജൻ ഐപ്പ്; അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ പ്രൊഫ.പി.വി. തോമസ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. സന്ധിവാതത്തിന്റെ നേരത്തെയുള്ള രോഗനിർണയവും സമയബന്ധിതമായ ചികിത്സയും ചലന ശേഷിയും ജീവിത നിലവാരവും സംരക്ഷിക്കാൻ അനിവാര്യമാണെന്ന് ഡോ. സുജിത് ജോസ് പറഞ്ഞു.




ജോയിന്റുകൾ സംരക്ഷിക്കാനുള്ള ആധുനിക സാങ്കേതിക വിദ്യ മുന്നേറ്റങ്ങളെക്കുറിച്ചും ഡോ. സുജിത് ജോസ് വിശദീകരിച്ചു.സന്ധികളുടെ സാധാരണ പരിക്കുകൾ മുതൽ ഡീജനറേറ്റീവ് ആർത്രൈറ്റിസ് വരെയുള്ള വിഷയങ്ങളിൽ ചർച്ചകൾ നടന്നു.ഡോ. മെൽവിൻ ജോർജ്, ഡോ. ആന്റണി ജെ, ഡോ. ബോബി പൗലോസ്, ഡോ. റെജോ വർഗീസ് തുടങ്ങിയ വിദഗ്ദ്ധർ പങ്കെടുത്തു.

മുട്ടും ഇടുപ്പും മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയ രോഗികൾ പങ്കെടുത്ത വാക്കത്തോണും പരിപാടിയുടെ ഭാഗമായി നടന്നു. അടുത്ത ഒരു മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുന്ന അർഹരായവർക്ക് സൗജന്യ ജോയിന്റ് റീപ്ലേസ്മെന്റുകൾ നടത്തുന്ന പദ്ധതി മലങ്കര മെഡിക്കൽ മിഷൻ സെക്രട്ടറിയും സി.ഇ.ഒയുമായ ജോയ് പി. ജേക്കബ് പ്രഖ്യാപിച്ചു. ഉപകരണങ്ങളുടെ ചിലവ് മാത്രമേ രോഗി വഹിക്കേണ്ടതുള്ളൂ.

## ഇൻസ്ട്രക്ടർ താത്കാലിക ഒഴിവ്

**കൊച്ചി:** വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ.അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (എ.വി.ടി.എസ്.) സ്ഥാപനത്തിൽ ഇൻസ്ട്രക്ടർമാരുടെ താത്കാലിക ഒഴിവ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഒക്ടോബർ 25 ന് രാവിലെ 11ന് കളമശ്ശേരി സർക്കാർ ഐ.ടി.ഐ. ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്ന എ.വി.ടി.എസിൽ പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം.

## മറൈൻ ഡീസൽ മെയിൻ്റനൻസ് മെക്കാനിക്ക് ഒരു ഒഴിവ്

**കൊച്ചി:** വിഭാഗം ഈഴവ, ബില്ലവ, തീയ്യ. യോഗ്യത മെക്കാനിക്ക് ഡീസൽ/ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ ട്രേഡിൽ എൻ സി വി ടി സർട്ടിഫിക്കറ്റും ഏഴ് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ എൻ എ സി സർട്ടിഫിക്കറ്റും ആറ് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്ക്/ ഓട്ടോമോബൈൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും അഞ്ച് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്ക്/ ഓട്ടോമോബൈൽ എഞ്ചിനീയറിംഗ് ഡിഗ്രിയും പ്രസ്തുത മേഖലയിൽ രണ്ട് വർഷം വരെ പ്രവർത്തന പരിചയവും.

## അഡ്വാൻസ്ഡ് വെൽഡിംഗ് ഒരു ഒഴിവ്

**കൊച്ചി:** വിഭാഗം ലത്തീൻ കാത്തലിക്.യോഗ്യത അഡ്വാൻസ്ഡ് വെൽഡിംഗ് ട്രേഡിൽ എൻ സി വി ടി സർട്ടിഫിക്കറ്റും എഴ് വർഷത്തെ പ്രവർത്തന പരിചയവും അല്ലെങ്കിൽ അഡ്വാൻസ്ഡ് വെൽഡിംഗ് ട്രേഡിൽ എൻ സി വി ടി സർട്ടിഫിക്കറ്റും ആറ് വർഷത്തെ പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ ഡിപ്ലോമയും അഞ്ച് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിഗ്രിയും രണ്ട് വർഷം പ്രവർത്തന പരിചയവുമാണ് യോഗ്യത.

ഫോൺ നമ്പർ 8089789828, 0484 2557275.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയിൽ പാലിയേറ്റീവ് കെയർ (രണ്ട് യൂണിറ്റുകൾ വീതം) പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 202425 സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെ ട്രിപ്പ് നടത്തുന്നതിനായി നിബന്ധനകൾ അനുസരിച്ചുള്ള ഏഴ് പാസഞ്ചർ സീറ്റ് വണ്ടികളുടെ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 23 ന് രാവിലെ 11 വരെ. ഫോൺ 0484 2365933.

## സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** എൽബിഎസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര എൽബിഎസ് വനിത എൻജിനിയറിങ് കോളേജിൽ എം.ടെക് കോഴ്സ്, ബിടെക് സീറ്റുകളിലേക്ക് അഡ്മിഷൻ നേടാൻ താൽപര്യമുള്ളവർ ഒക്ടോബർ 23 രാവിലെ 9.30ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9895983656/ 9995595456/ 9497000337, 7907783153.

# കുട്ടികൾ തയ്യാറാക്കിയ നൂറ് ഹ്രസ്വ ചലച്ചിത്രങ്ങളുമായി കുടുംബശ്രീ കനസ് ജാഗ ചലച്ചിത്രോത്സവം

**തിരുവനന്തപുരം:** തദ്ദേശീയ സമൂഹത്തിന്റെ നേർകാഴ്ചകൾ ഒപ്പിയെടുത്ത നൂറു ഹ്രസ്വ ചലച്ചിത്രങ്ങളുമായി കുടുംബശ്രീയുടെ 'കനസ് ജാഗ' ചലച്ചിത്രോത്സവം ഒക്ടോബർ 26,27 തീയതികളിൽ എറണാകുളം സെൻറ്തെരേസാസ് കോളേജിൽ അരങ്ങേറും. സംസ്ഥാനത്ത് പട്ടികവർഗ പ്രത്യേക പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിലെ കുട്ടികൾ തയ്യാറാക്കിയ ഹ്രസ്വ ചലച്ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക. തദ്ദേശീയ മേഖലയിലെ കുട്ടികളുടെ നേതൃത്വത്തിൽ ആശയ രൂപീകരണം, കഥ, തിരക്കഥ, ചിത്രീകരണം എന്നിവ ഉൾപ്പെടെ നിർവഹിച്ചു കൊണ്ട് ഹ്രസ്വ ചലച്ചിത്രങ്ങൾ നിർമിക്കുന്നതും രാജ്യത്ത് ഇതാദ്യമാണ്. കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിച്ചു കൊണ്ട് സാമൂഹികവും സാംസ്കാരികമായും മുന്നേറാൻ പ്രാപ്തരാക്കുകയാണ് കുടുംബശ്രീ ഇതിലൂടെ ലക്ഷ്യമിടുന്നത്.

ചലച്ചിത്രോത്സവത്തിനോടൊപ്പം ഹ്രസ്വ ചലച്ചിത്ര നിർമാണത്തിന്റെ ഭാഗമായി ഒമ്പത് പട്ടികവർഗ പ്രത്യേക പദ്ധതികളിലെ കുട്ടികൾ രചിച്ച കഥ, തിരക്കഥാ പുസ്തകങ്ങളുടെ പ്രകാശനം, തദ്ദേശീയ മേഖലയിൽ കുടുംബശ്രീയുടെ ഫീൽഡ്തല പ്രവർത്തനങ്ങൾ നടപ്പാക്കുന്ന അനിമേറ്റർമാർ, അനിമേറ്റർ കോർഡിനേറ്റർമാർ, കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന ബ്രിഡ്ജ് കോഴ്സ് അധ്യാപകർ എന്നിവരുടെ സംസ്ഥാനതല സംഗമവും നടക്കും. ഇതിൽ ഐക്യരാഷ്ട്ര സംഘടന, ടാലന്റ് ബുക്ക് ഓഫ് വേൾഡ് റെക്കോഡ്സ് എന്നിവയുടെ പ്രതിനിധികളും പങ്കെടുക്കും. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പ്രമേയങ്ങൾ അടിസ്ഥാനമാക്കിയാണ് ഓരോ ചിത്രത്തിന്റെയും നിർമാണം. മൊബൈൽ ഫോണിൽ കുട്ടികൾ തന്നെയാണ് സിനിമ ചിത്രീകരിച്ചത്. എഡിറ്റിങ്ങിനു മാത്രമാണ് പുറമേ നിന്നുള്ള സാങ്കേതിക സഹായം തേടിയത്.

ആകെ അഞ്ചു വേദികളിലായായി സംഘടിപ്പിക്കുന്ന പരിപാടിയിൽ നാലു വേദികളിൽ ഹ്രസ്വചലച്ചിത്ര പ്രദർശനവും ഒരു വേദിയിൽ സെമിനാറും സംഘടിപ്പിക്കും. സമൂഹത്തിൻറെ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ സെമിനാറുകളിൽ പങ്കെടുക്കും. ഹ്രസ്വ ചലച്ചിത്രങ്ങൾ ആസ്വദിക്കുന്നതിനും സെമിനാറുകളിൽ പങ്കെടുക്കുന്നതിനും പൊതു ജനങ്ങൾക്കും അവസരമുണ്ട്. ഹ്രസ്വ ചലച്ചിത്രങ്ങൾ തയ്യാറാക്കിയ അഞ്ഞൂറോളം കുട്ടികളും അനിമേറ്റർമാർ, ബ്രിഡ്ജ് സ്കൂൾ അധ്യാപകർ എന്നിവർ ഉൾപ്പെടെ ആകെ രണ്ടായിരത്തോളം പേർ ഇതിന്റെ ഭാഗമാകും.

ഹ്രസ്വ ചലച്ചിത്ര നിർമാണത്തിന്റെ മുന്നോടിയായി ഇതുമായി ബന്ധപ്പെട്ട് മുപ്പത് മുതൽ അമ്പത് വരെ കുട്ടികളെ ഉൾപ്പെടുത്തി നൂറോളം പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. തുടർന്ന് ഓരോ ബാച്ചിൽ നിന്നും ഓരോ ഹ്രസ്വചിത്രം വീതം തയ്യാറാക്കി. കഥ, തിരക്കഥാ രചന എന്നിവയ്ക്ക് ഈ രംഗത്തെ വിദഗ്ധരുടെ പിന്തുണയും പരിശീലന പരിപാടിയിൽ ലഭ്യമാക്കിയിരുന്നു.

# സിഡിസിയെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നു: മന്ത്രി

**തിരുവനന്തപുരം:** ചൈൽഡ് ഡെവലപ്മെന്റ് സെന്ററിനെ (സിഡിസി) ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡർ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സിഡിസി വളരെ പ്രധാന ഘട്ടത്തിലേയ്ക്കാണ് കടക്കുന്നത്. യുണിസെഫ് സിഡിസിയുമായി നോളജ് പാർട്ണറായി സഹകരിക്കുമ്പോൾ ഈ മേഖലയിലെ ഗവേഷണത്തിനും പുരോഗതിയ്ക്കും ഏറെ സഹായകമാകും. സംസ്ഥാനത്തിനും ആരോഗ്യ സംവിധാനങ്ങൾക്കും ഇത് നൽകുന്ന ഊർജം വളരെ വലുതാണ്. രണ്ടാം കേരള മോഡൽ ഓരോ വ്യക്തിയുടേയും ജീവിത ഗുണ നിലവാരം വർധിപ്പിക്കുന്നതിനുള്ള നമ്മുടെ പ്രയത്നങ്ങൾ ഉൾക്കൊള്ളുന്നതാണ്. നമ്മുടെ ലക്ഷ്യം വളരെ വലുതാണ്. ആ ലക്ഷ്യത്തിന് വേണ്ടി ഓരോരുത്തരുടേയും കഠിനാധ്വാനം വളരെ പ്രധാനപ്പെട്ടതാണെന്നും മന്ത്രി വ്യക്തമാക്കി. മെഡിക്കൽ കോളേജ് സിഡിസിയിൽ നടക്കുന്ന ദ്വിദിന ദേശീയ സെമിനാറിനോടനുബന്ധിച്ച് യൂണിസെഫ് നോളേജ് പാർട്ണറായുള്ള പ്രഖ്യാപനവും ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ശിശുക്ഷേമ രംഗത്ത് കേരളം രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കുറഞ്ഞ മരണനിരക്ക്, എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം, അപൂർവ രോഗങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾക്കുള്ള സൗജന്യ ചികിത്സ എന്നിവ ഉദാഹരണങ്ങളാണ്. നവജാത ശിശുക്കളുടെ സമഗ്രവും സാർവത്രികവുമായ പരിശോധനയ്ക്കായി ശലഭം, ജന്മനാ ഹൃദ്രോഗമുള്ള കുട്ടികൾക്ക് സൗജന്യ ശസ്ത്രക്രിയ നൽകുന്ന ഹൃദ്യം, സാർവത്രിക പ്രതിരോധ കുത്തിവയ്പ്പ്, എസ്എംഎ, ലൈസോസോമൽ സ്റ്റോറേജ് ഡിസോർഡേഴ്സ് പോലുള്ള അപൂർവ രോഗങ്ങളുടെ സൗജന്യ ചികിത്സയ്ക്ക് കെയർ, കുട്ടികൾക്ക് സൗജന്യ മോണോക്ലോണൽ ആന്റിബോഡി പ്രൊഫിലാക്സിസ്, ശ്രുതിതരംഗം, ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ചെലവേറിയ ചികിത്സകൾക്കായി ആരോഗ്യകിരണം തുടങ്ങിയ മാതൃകാപരമായ പദ്ധതികളുമുണ്ട്. സംസ്ഥാനത്ത് ജനിതക വിഭാഗവും ഫീറ്റൽ മെഡിസിൻ വിഭാഗവും ആരംഭിച്ചു. പ്രത്യേക ആരോഗ്യ സംരക്ഷണം വേണ്ട കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പീഡിയാട്രിക് പാലിയേറ്റീവ് കെയർ പദ്ധതി സംസ്ഥാനം ആലോചിക്കുന്നുണ്ട്.

കുട്ടികളുടെ വികസനപരവും പെരുമാറ്റപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന് പ്രത്യേക പദ്ധതിയുണ്ട്.

ലോകമെമ്പാടുമുള്ള 8 ശതമാനം കുട്ടികളും ആറ് പ്രധാന വികസന പ്രശ്നങ്ങളിലൊന്ന് അനുഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തും കുറെ കുട്ടികൾ ഇത്തരം വെല്ലുവിളികൾ നേരിടുന്നുണ്ട്. വികസന പെരുമാറ്റ പ്രശ്നങ്ങളുള്ള കുട്ടികളെ നേരത്തേ തിരിച്ചറിയാനും അതനുസരിച്ചുള്ള ചികിത്സയൊരുക്കാനുമുള്ള ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് നടത്തി വരുന്നത്.

## ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ പ്രവർത്തനമാരംഭിച്ചു

**തിരുവനന്തപുരം:** ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ചെയർമാനായി പ്രൊഫ. കെ.എൻ. ഹരിലാൽ ചുമതലയേറ്റു. സെപ്റ്റംബറിലെ സർക്കാർ ഉത്തരവ് പ്രകാരം പ്രൊഫ. കെ.എൻ. ഹരിലാൽ ചെയർമാനും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് എന്നിവർ അംഗങ്ങളുമായി ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിച്ചിരുന്നു. കേരള യൂണിവേഴ്സിറ്റി ഓഫീസ് ക്യാംപസിൽ ധനകാര്യ വകുപ്പിന്റെ പരിശീലന കേന്ദ്രമായ സി.റ്റി.എഫ്.എം.ൽ ആണ് ധനകാര്യ കമ്മീഷന്റെ താല്ക്കാലിക ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുളളത്.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു

**തിരുവനന്തപുരം:** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിവിധ പദ്ധതികൾക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതായി റിജിയണൽ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. പുതുക്കിയ ആനുകൂല്യങ്ങളുടെയും നടപ്പിലാക്കിയ പുതിയ പദ്ധതികളുടെയും വിവരങ്ങൾ ഫിഷറീസ് ഓഫീസുകളിൽ നിന്നും അറിയാവുന്നതാണ്. പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ ക്ഷേമനിധി അംഗങ്ങൾ പുതുക്കിയ നിരക്കിലുള്ള അംശാദായം അടയ്ക്കണം. അതതു ഓഫീസുകളിലോ ഫിഷറീസ് ഓഫീസർ പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിലോ പണം അടച്ച് രസീത് കൈപ്പറ്റാവുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

## സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളജിൽ കമ്പ്യൂട്ടർ ഹാർഡ്വെയർ എൻജിനിയറിങ്, കമ്പ്യൂട്ടർ എൻജിനിയറിങ് ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള രണ്ട് സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 23ന് നടത്തും. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കാം. താത്പര്യമുള്ള വിദ്യാർഥികൾ രാവിലെ 11ന് മുമ്പ് കോളജിലെത്തി രജിസ്റ്റർ ചെയ്യണം.

എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ എന്നിവ ഹാജരാക്കണം. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള എല്ലാ വിഭാഗക്കാർക്കും എസ്.സി/ എസ്.ടി/ ഒ.ഇ.സി വിഭാഗക്കാർക്കും അർഹമായ ഫീസിളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9497688633.

## ഡെപ്യൂട്ടേഷൻ നിയമനം

**തിരുവനന്തപുരം:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ഹെൽപ്പർ തസ്തികയിലെ ഒരു ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അതേ തസ്തികയിൽ / സമാന തസ്തികയിൽ (ഓഫീസ് അറ്റൻഡന്റ്) സംസ്ഥാന സർക്കാർ സർവീസിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 12.



# ബേപ്പൂർ അന്താരാഷ്ട്ര വാട്ടർഫെസ്റ്റ് ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കും

**തിരുവനന്തപുരം:** ഡിസംബർ അവസാനം നടക്കുന്ന നാലാമത് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് വൻ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്.

മുതിർന്ന പൗരർ, കുട്ടികൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ, യുവജനങ്ങൾ തുടങ്ങി പ്രദേശത്തെ എല്ലാ വിഭാഗക്കാരുടെയും പങ്കാളിത്തം ഉറപ്പാക്കും. കാപ്പാട് മുതൽ താനൂർ വരെയുള്ള പ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ മത്സരപരിപാടികൾ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. ബേപ്പൂർ വാട്ടർഫെസ്റ്റിന്റെ മുന്നോടിയായി കളക്ടറേറ്റിൽ ചേർന്ന വിവിധ സബ് കമ്മിറ്റികളുടെ പ്രഥമയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വാട്ടർ ഫെസ്റ്റ് സംഘാടക സമിതി ചെയർമാനായ ജില്ല കളക്ടർ സ്നേഹിൽ കുമാർ സിംഗ് അധ്യക്ഷത വഹിച്ചു.

ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ് വിഭാഗങ്ങളുടെ അഭ്യാസപ്രകടനങ്ങളും പ്രദർശനവും ഇക്കുറി കൂടുതൽ വിപുലമാക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. മാനാഞ്ചിറ സ്ക്വയർ മുതൽ ബേപ്പൂർ വരെ വൈദ്യുതദീപാലങ്കാരങ്ങൾ ഒരുക്കും.

സൈക്ലിംഗ്, കൈറ്റ് ഫെസ്റ്റ്, വാട്ടർ സ്പോർട്സ്, പാരാ മോട്ടറിംഗ് ഷോ, ഫുഡ് ഫെസ്റ്റ്, കയാക്കിംഗ്, സർഫിംഗ്, ബോട്ട് പരേഡ്, സെയിലിംഗ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു. മലബാർ മേഖലയുടെ ടൂറിസം വികസനം ത്വരിതപ്പെടുത്തുവാൻ അഡ്വഞ്ചർ സ്പോർട്സ്, വാട്ടർ സ്പോർട്സ് മേഖലയിലുള്ള ഓപറേറ്റർമാരുടെ പ്രത്യേക ബി ടു ബി മീറ്റും നടത്തും. മാനാഞ്ചിറ മുതൽ നഗരം ചുറ്റിക്കൊണ്ട് ബേപ്പൂർ വരെ മാരത്തൺ നടത്തും. കബടി, ബീച്ച് വോളി, റഗ്ബി തുടങ്ങി കായികമത്സരങ്ങൾ ബേപ്പൂർ, കോഴിക്കോട് കടപ്പുറം കേന്ദ്രീകരിച്ച് സംഘടിപ്പിക്കും. ദേശീയതലത്തിൽ ശ്രദ്ധേയരായിട്ടുള്ള വ്ലോഗർമാരെ പങ്കെടുപ്പിച്ച് പ്രചാരണം ശക്തമാക്കും. ജനപങ്കാളിത്തം ഉറപ്പിക്കാനും ഫെസ്റ്റിന്റെ സുഗമമായ നടത്തിപ്പിനുമായി റെസിഡൻസ് അസോസിയേഷനുകളുടെയും യോഗം ചേരും. വിവിധ സബ് കമ്മിറ്റി പ്രവർത്തനങ്ങളുടെ സമയക്രമം നിശ്ചയിച്ച് നവംബർ അഞ്ചിനകം നൽകണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ഫെസ്റ്റ് ദിവസങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ചാലിയത്തുനിന്നു ബേപ്പൂരേക്ക് പ്രത്യേക ജങ്കാർ സർവീസ് ഏർപ്പെടുത്തും. പാർക്കിംഗ്, തിരക്ക് നിയന്ത്രണം, ക്രമസമാധാനം തുടങ്ങി വിഷയങ്ങൾ കുറ്റമറ്റതാക്കാൻ എല്ലാ ജനങ്ങളും സഹകരിക്കണമെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ കോഴിക്കോട് കോർപറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ കെ കൃഷ്ണകുമാരി, പി സി രാജൻ, കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി അനുഷ, കൗൺസിലർ എം ഗിരിജ, സബ് കളക്ടർ ഹർഷിൽ ആർ മീണ, അസിസ്റ്റന്റ് കളക്ടർ ആയുഷ് ഗോയൽ, എ ഡി എം സി മുഹമ്മദ് റഫീഖ്, വിവിധ സബ് കമ്മിറ്റി കൺവീനർമാർ, സ്പോർട്സ് കൗൺസിൽ ജില്ലാ പ്രസിഡന്റ് ഒ രാജഗോപാൽ, ഫറോക്ക് എസിപി എ എം സിദ്ദിഖ്, ഡെപ്യൂട്ടി കളക്ടർ സി ബിജു, ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ ഡി ഗിരീഷ് കുമാർ, അഡ്വഞ്ചർ ടൂറിസം സിഇഒ ബിനു കുര്യാക്കോസ്, ഡിഎംഒ എൻ രാജേന്ദ്രൻ, ഡിടിപിസി സെക്രട്ടറി ടി നിഖിൽദാസ് ഹാർബർ എഞ്ചിനിയറിംഗ്, പിഡബ്ല്യൂഡി, ഭക്ഷ്യസുരക്ഷ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.

# എന്റെ ഭൂമി സംയോജിത പോർട്ടൽ മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ദൗത്യപ്രഖ്യാപനത്തിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച എന്റെ ഭൂമി സംയോജിത പോർട്ടലിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ഒക്ടോബർ 22) വൈകുന്നേരം 6.00 മണിക്ക് നിശാഗന്ധി ആഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനത്തിലൂടെ രാജ്യത്തെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് യാഥാർത്ഥ്യമാകുന്നത്.

ഭൂമിയുടെ കൈമാറ്റം, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ സ്കെച്ച്, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂമി നികുതി അടവ്, ന്യായവില നിർണയം, ഓട്ടോ മ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരംമാറ്റം തുടങ്ങി നിരവധി സേവനങ്ങൾ എന്റെ ഭൂമി പോർട്ടൽ വഴി ലഭിക്കും. വിവിധ ഓഫീസുകൾ സന്ദർശിക്കാതെ ഭൂമി ഇടപാടുകളിൽ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാനാകും. സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതോടെ ഭൂരേഖകൾക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ പൂർണ്ണ സംരക്ഷണം ലഭിക്കും.

കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ തുടക്കം കുറിക്കുന്ന എന്റെ ഭൂമി പോർട്ടൽ മൂന്ന് മാസത്തിനകം ഡിജിറ്റൽ സർവെ പൂർത്തിയായ 212 വില്ലേജുകളിലും ലഭ്യമാകും. ഭൂരേഖാ വിവരങ്ങളുടെ നിരന്തരവും കൃത്യവുമായ പുതുക്കലുകളിലൂടെ ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ഭൂരേഖാ പരിപാലനത്തെ സമഗ്രമായി മാറ്റും. എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതിയിലൂടെ 212 വില്ലേജുകളിലെ 35.2 ലക്ഷം പാർസലുകളിലായി 4.8 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ ഇതിനോടകം പൂർത്തിയായി.



# പോലീസ് സ്മൃതിദിനം ആചരിച്ചു

**ആലുവ:** ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേന സ്മൃതി മണ്ഡപത്തിൽ പുഷ്പചക്രം സമർപ്പിച്ചു. സബ് ഇൻസ്പെക്ടർ ജെ.ഷാജിമോൻ പരേഡ് നയിച്ചു.1959 ൽ ലഡാക്ക് മലനിരകളിൽ റോന്ത് ചുറ്റുകയായിരു സി.ആർ.പി.എഫ് സംഘത്തിനുനേരെ ചൈനീസ് സേന നടത്തിയ ആക്രമണത്തിൽ വീരമൃത്യു വരിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സ്മരണാർത്ഥമാണ് എല്ലാ വർഷവും ഒക്ടോബർ 21 ന് പോലീസ് സ്മൃതിദിനം ആചരിക്കുന്നത്.

# വിഴിഞ്ഞം രാജ്യാന്തര തുറമുഖം: കണ്ടെയ്നർ നീക്കത്തിൽ മികവ്

**വിഴിഞ്ഞം:** കണ്ടെയ്നർ നീക്കത്തിൽ ട്രയൽ റൺ സമയത്ത് തന്നെ വേഗവും കാര്യക്ഷമതയും കൈവരിച്ചു വിഴിഞ്ഞം രാജ്യാന്തര തുറമുഖം. തുറമുഖത്തേക്ക് എത്തുന്ന കപ്പലിനെ കണ്ടെയ്നർ നീക്കം നടത്തി കഴിയും വേഗം മടങ്ങിപ്പോകാനാക്കുന്ന നിലയാണ് കാര്യക്ഷമതയായി കണക്കാക്കുന്നത്. പുലിമുട്ടിനോടനുബന്ധിച്ചു ചെറു ബെർത്തുകൾ കോസ്റ്റൽഷിപ്പിങ്, ക്രൂ ചേഞ്ച് എന്നിവ മുൻനിർത്തി തുറമുഖ പുലിമുട്ടിനോടനുബന്ധിച്ചു ബെർത്തു പണിയും എന്നു ബന്ധപ്പെട്ട അധികൃതർ പറഞ്ഞു. തദ്ദേശമായുള്ള ചരക്കു നീക്കത്തിനായി ചെറു കപ്പലുകൾക്കു അടുക്കുന്നതിനുള്ള സൗകര്യങ്ങളോടെയുള്ള ബെർത്താവും പണിയുക.

രാജ്യാന്തര തുറമുഖം രാജ്യത്തിനു സമർപ്പിക്കുന്ന കമ്മിഷനിങിനുള്ള നടപടികൾ പുരോഗതിയിലാണെന്നു അധികൃതർ. പ്രധാനമന്ത്രി പങ്കെടുക്കും എന്ന നിലക്ക് തീയതി നിശ്ചയിക്കുന്നതു സംബന്ധിച്ച ചർച്ചകളും ആലോചനകളും ഉന്നതതലങ്ങളിൽ പുരോഗമിക്കുകയാണ്.തുറമുഖ പദ്ധതിയുടെ രണ്ടും മൂന്നും ഘട്ട നിർമാണ ആരംഭത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയ അനുമതി കാക്കുകയാണെന്ന് അധികൃതർ.

# വയനാടിന് സഹായ ഹസ്തവുമായി കേരള ചിത്രകലാ പരിഷത്ത്

**കൊച്ചി:** വയനാടിന് സഹായ ഹസ്തവുമായി കേരള ചിത്രകല പരിഷത്ത്. 'വയനാടിന് ഒരു വരത്താങ്ങ്' എന്ന പേരിൽ സംസ്ഥാനവ്യാപകമായി ചിത്രകലാ പരിഷത്ത് ഏകദിന കലാക്യാംപും ചിത്ര വിൽപനയും നടത്തി. ഓഗസ്റ്റിൽ സംഘടിപ്പിക്കപ്പെട്ട ഈ ക്യാമ്പിൽ പ്രശസ്തരായ കലാകാരന്മാർ ഉൾപ്പെടെ നിരവധി പേരാണ് പങ്കെടുത്തത്. ഏത് ശരാശരിക്കാരനായ വ്യക്തിക്കും വളരെ തുച്ഛമായ തുക നൽകി ഒരു കലാസൃഷ്ടി സ്വന്തമാക്കാനുള്ള അവസരം കൂടിയായിരുന്നു ഈ പരിപാടി. ഏതാണ്ട് 2,20,000 ത്തോളം രൂപ ഇതിൽ നിന്നും പരിഷത്ത് സമാഹരിക്കുകയുണ്ടായി. കലയേയും സംസ്കാരത്തേയും എന്നും പ്രോത്സാഹിപ്പിച്ചിട്ടുള്ള കൊച്ചിയിലെ പ്രശസ്തമായ ലെ മെറിഡിയൻ ഹോട്ടലും കലാരംഗത്ത് ആമുഖം ആവശ്യമില്ലാത്ത 'പാലറ്റ് പീപ്പിൾ ആർട്ട് ഗ്രൂപ്പു' മായി കൈകോർത്താണ് കെസിപി രണ്ടാം ഘട്ടത്തിന് തുടക്കം കുറിക്കുന്നത്. ചിത്രകലാ പരിഷത്തിൽ അംഗങ്ങളായിട്ടുള്ള കലാകാരന്മാരുടെ 35 ചിത്രങ്ങളും പാലറ്റ് പീപ്പിളിന്റെ ശേഖരത്തിലുള്ള 10 സൃഷ്ടികളും ഉൾപ്പെടെ 45 ഓളം മികച്ച കലാസൃഷ്ടികൾ വളരെ തുച്ഛമായ തുകയ്ക്ക് വിൽപനയ്ക്കു വച്ചു. വയനാട്ടിലെ ദുരന്ത ബാധിത പ്രദേശത്തുള്ള സ്കൂൾ കുട്ടികൾക്കു വേണ്ടി ഒരു ആർട്ട് സ്റ്റുഡിയോ, ഗ്യാലറി, മറ്റ് ആവശ്യമായ കലാ സാമഗ്രികൾ, സമീപകാല ദുരന്തങ്ങൾ മൂലമുണ്ടായ ആഘാതം ലഘൂകരിക്കാൻ സഹായിക്കുന്നതിന് വിദ്യാർഥികൾക്ക് 'ക്രിയേറ്റീവ് ഔട്ട്ലെറ്റ്' തുടങ്ങി പല കാര്യങ്ങൾക്കും വേണ്ടി ഈ രണ്ട് ഘട്ടങ്ങളിൽ നിന്നും ലഭിക്കുന്ന മുഴുവൻ തുകയും ഉപയോഗിക്കാനാണ് പരിഷത്തിന്റെ തീരുമാനം.

# പുരാരേഖാ സംരക്ഷണ, നിർവഹണ പദ്ധതികളുടെ ഉദ്ഘാടനം നാളെ

**തിരുവനന്തപുരം:** 202425 വർഷത്തെ പുരാരേഖാ സംരക്ഷണ, നിർവഹണ പദ്ധതികളുടെ ഉദ്ഘാടനം പുരാരേഖാ, പുരാവസ്തു ,മ്യൂസിയം, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം നളന്ദയിലെ പുരാരേഖ അധ്യക്ഷ കാര്യാലയത്തിൽ ഒക്ടോബർ 23 രാവിലെ 11.30 ന് നടക്കുന്ന ചടങ്ങിൽ വി കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിക്കും. മുളക്കരണങ്ങൾ, ചെപ്പേടുകൾ, താളിയോലരേഖകൾ, കടലാസ് രേഖകൾ തുടങ്ങി വൈവിധ്യമാർന്ന മാധ്യമങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ചരിത്രരേഖളുടെ സംരക്ഷണവും ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്കാണ് തുടക്കം കുറിക്കുന്നത്. വകുപ്പിന്റെ കൈവശമുള്ള അപൂർവ്വരേഖകളുടെ സംരക്ഷണം ലക്ഷ്യമാക്കി നടത്തി വരുന്ന വിവിധങ്ങളായ ശാസ്ത്രീയ സംരക്ഷണ പദ്ധതികൾക്കും തുടക്കമാകും. രേഖകളുടെ ഭരണനിർവ്വഹണത്തിന്റെ ഭാഗമായി വിഷയ സൂചിക തയ്യാറാക്കുന്ന പദ്ധതികളുടെ പ്രവർത്തനങ്ങളും ആരംഭിക്കും.

കൗൺസിലർമാരായ ഡോ.റീന കെ എസ്, പാളയം രാജൻ, പുരാരേഖാ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് പാർവതി എസ്, പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ ദിനേശൻ, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ ഇൻ ചാർജ് പി എസ് മഞ്ജുളാ ദേവി, കേരള മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ചന്ദ്രൻ പിള്ള, ആർക്കിവിസ്റ്റ് ആർ അശോക് കുമാർ എന്നിവർ സംബന്ധിക്കും. അത്യപൂർവമായ താളിയോലരേഖകളും വിലമതിക്കാനാകാത്ത ചരിത്രരേഖകളും ശാസ്ത്രീയ സംരക്ഷണം നടത്തി ഭാവി തലമുറയ്ക്കു വേണ്ടി സൂക്ഷിക്കുന്ന സർക്കാർ സ്ഥാപനമാണ് സംസ്ഥാന പുരാരേഖാ വകുപ്പ്.

# ശബരിമല തീർത്ഥാടനം വിപുലമായ ആരോഗ്യ സേവനങ്ങൾ: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ശബരിമല ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കൂടുതൽ വിപുലമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിക്കും. ഇതിനായി മെഡിക്കൽ കോളേജിൽ മതിയായ സൗകര്യങ്ങളൊരുക്കും. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അടിയന്തര കാർഡിയോളജി ചികിത്സയും കാത്ത് ലാബ് ചികിത്സയും ലഭ്യമാക്കും. മികച്ച ചികിത്സയോടൊപ്പം പകർച്ചവ്യാധി പ്രതിരോധവും മുന്നിൽ കണ്ടുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രത്യേക സ്ക്വാഡുകൾ കർശനമായ പരിശോധനകൾ നടത്തും. ഭക്ഷ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്. പമ്പ ആശുപത്രിയിൽ വിപുലമായ കൺട്രോൾ റൂം സ്ഥാപിക്കും.



മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പ് മതിയായ സംവിധാനങ്ങൾ ഒരുക്കാനും ജീവനക്കാരെ നിയോഗിക്കാനും മന്ത്രി നിർദേശം നൽകി. വിവിധ സ്പെഷ്യാലിറ്റികളിലെ ഡോക്ടർമാരെ ആരോഗ്യ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിയോഗിക്കും. മെഡിക്കൽ കോളേജുകളിൽ നിന്നും വിദഗ്ധ കാർഡിയോളജി ഡോക്ടർമാരേയും ഫിസിഷ്യൻമാരേയും നിയോഗിക്കും. സന്നിധാനം, പമ്പ, നിലയ്ക്കൽ, ചരൽമേട് (അയ്യപ്പൻ റോഡ്), നീലിമല, അപ്പാച്ചിമേട് എന്നീ സ്ഥലങ്ങളിൽ വിദഗ്ധ സംവിധാനങ്ങളോടു കൂടിയ ഡിസ്പെൻസറികൾ പ്രവർത്തിക്കും. പമ്പയിലേയും സന്നിധാനത്തേയും ആശുപത്രികൾ നവംബർ 1 മുതൽ പ്രവർത്തിക്കും. ബാക്കിയുള്ളവ നവംബർ 15 മുതൽ പ്രവർത്തനമാരംഭിക്കും. എല്ലാ ആശുപത്രികളിലും ഡിഫിബ്രിലേറ്റർ, വെന്റിലേറ്റർ, കാർഡിയാക് മോണിറ്റർ എന്നിവയുണ്ടാകും. നിലയ്ക്കലും പമ്പയിലും പൂർണ സജ്ജമായ ലാബ് സൗകര്യമുണ്ടാകും. പമ്പയിലും സന്നിധാനത്തും ഓപ്പറേഷൻ തീയറ്ററുകൾ പ്രവർത്തിക്കും. പന്തളം വലിയ കോയിക്കൽ ക്ഷേത്രത്തിൽ താത്ക്കാലിക ഡിസ്പെൻസറിയും പ്രവർത്തിക്കും. മതിയായ ആംബുലൻസ് സൗകര്യങ്ങളും ക്രമീകരിക്കും.

അടൂർ ജനറൽ ആശുപത്രിയി, റാന്നി താലൂക്ക് ആശുപത്രി, തിരുവല്ല ജില്ലാ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി, റാന്നി പെരിനാട് സാമൂഹികാരോഗ്യ കേന്ദ്രം, ഇതുകൂടാതെ എരുമേലി, കോഴഞ്ചേരി, മുണ്ടക്കയം, വണ്ടിപ്പെരിയാർ, കുമളി, ചെങ്ങന്നൂർ തുടങ്ങി 15 ഓളം ആശുപത്രികളിൽ പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഒരുക്കും. കോട്ടയം മെഡിക്കൽ കോളേജിൽ തീർത്ഥാടകർക്കായി മികച്ച സൗകര്യമൊരുക്കും.

പമ്പ മുതൽ സന്നിധാനം വരെയുള്ള കാൽനട യാത്രയിൽ തീർത്ഥാടകർക്ക് അമിതമായ നെഞ്ചിടിപ്പ്, ശ്വാസംമുട്ടൽ, നെഞ്ചുവേദന തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങളോ ചിലപ്പോൾ ഹൃദയാഘാതം വരെയോ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഫലപ്രദമായി നേരിടാൻ ആരോഗ്യവകുപ്പ് ഈ വഴികളിൽ അടിയന്തര ചികിത്സാ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതാണ്. എമർജൻസി മെഡിക്കൽ സെന്ററുകൾ, ഓക്സിജൻ പാർലറുകൾ എന്നിവ പമ്പ മുതൽ സന്നിധാനം വരെയുള്ള യാത്രക്കിടയിൽ 15 സ്ഥലങ്ങളിലായി സ്ഥാപിക്കും. കാനനപാതയിൽ 4 എമർജൻസി സെന്ററുകളും സ്ഥാപിക്കും. ഹൃദയാഘാതം വരുന്ന തീർത്ഥാടകർക്കായി ആട്ടോമേറ്റഡ് എക്സ്റ്റേണൽ ഡിബ്രിഫ്രിലേറ്റർ ഉൾപ്പെടെ പരിശീലനം ലഭിച്ച സ്റ്റാഫ് നഴ്സുമാർ 24 മണിക്കൂറും ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കും. ആയുഷ് മേഖലയിൽ അധിക തെറാപ്പിസ്റ്റുകൾ ഉൾപ്പെടെയുള്ള സേവനമൊരുക്കും. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, പത്തനംതിട്ട ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പ്, ആയുഷ് വകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## മത്സ്യഫെഡ് ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മത്സ്യഫെഡ് എറണാകുളം നെറ്റ് ഫാക്ടറിയുടെ മേൽക്കൂരയിൽ പാത്തികളിലെ തകരാറിലായ ഷീറ്റ് മാറ്റി പകരം പുതിയ ഷീറ്റ് ഉപയോഗിച്ച് ചോർച്ച പരിഹരിക്കുന്നതിന് പ്രവൃത്തികൾ ചെയ്യുന്നതിലേക്കു പ്രവൃത്തിപരിചയമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ 02/11/2024നു വൈകുന്നേരം 3.00 വരെ എറണാകുളം സലിം അലി റോഡിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് നെറ്റ് ഫാക്ടറിയിൽ സ്വീകരിക്കും. ഫോൺ: 04842394410,2391426

## മോക്ക്ഡ്രിൽ വിവരം മുൻകൂട്ടി അറിയിക്കണം

**കൊച്ചി:** ജില്ലയിൽ വകുപ്പുകളും ഏജൻസികളും മോക്ക് ഡ്രില്ലുകൾ നടത്തുമ്പോൾ ഇക്കാര്യം പോലീസ്, ഫയർ & റസ്ക്യൂ സർവീസസ്, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, മോക്ക് ഡ്രിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സെക്രട്ടറി, വില്ലേജ് ഓഫീസർ തുടങ്ങിയ ബന്ധപ്പെട്ട മറ്റു വകുപ്പ് ഏജൻസികളെ നിർബന്ധമായി മുൻകൂട്ടി അറിയിക്കേണ്ടതും മോക്ക് ഡ്രിൽ മൂലമണ്ടാകുന്ന തെറ്റിദ്ധാരണകൾ പൂർണമായും നീക്കേണ്ടതാണെന്നും ജില്ലാ കളക്ടർ നിർദേശിച്ചു.

## സർവെ രേഖകൾ പരിശോധിക്കാൻ അവസരം

**കൊച്ചി:** എറണാകുളം ജില്ലയിൽ ഡിജിറ്റൽ സർവെക്കായി ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിരുന്ന കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ, പൂണിത്തുറ വില്ലേജുകളിലും കൊച്ചി താലൂക്കിലെ പള്ളുരുത്തി, തോപ്പുംപടി, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, ഇടക്കൊച്ചി വില്ലേജുകളിലും മൂവാറ്റുപുഴ താലൂക്കിലെ വാളകം, രാമമംഗലം, മണീട് വില്ലേജുകളിലും കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിലും ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും രേഖ്കൾ റവന്യൂ ഭരണത്തിന് കൈമാറുന്ന അവസാന ഘട്ടത്തിലാണ്. ആയതിനാൽ ഈ വില്ലേജുകളിലെ ഭൂവുടമകൾക്ക് ഇനിയും വസ്തു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ഡിജിറ്റൽ സർവെ രേഖകൾ അതത് വില്ലേജ് ഓഫീസുകളിൽ ഒക്ടോബർ 24 മുതൽ 30 വരെ പൊതുജനങ്ങൾക്ക് പരിശോധനക്ക് സൗകര്യം ഉണ്ടായിരിക്കുമെന്ന് സർവെ വിഭാഗം അസി. ഡയറക്ടർ അറിയിച്ചു.

## ഉദ്ഘാടനം ഇന്ന്

**കൊച്ചി:** ആധുനിക കൃഷി രീതികൾ കുടുംബശ്രീ വനിതകൾക്ക് പരിചയപ്പെടുത്തുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമായി കുടുംബശ്രീ വനിതാ ഡ്രോൺ പൈലറ്റുമാർക്കുള്ള കാർഷിക ഡ്രോൺ പദ്ധതിജില്ലാതല ഉദ്ഘാടനം വ്യവസായവകുപ്പു മന്ത്രി പി. രാജീവ് ഇന്ന് (ഒക്ടോബർ 22) രാവിലെ 9.00 ന് കരുമാല്ലൂർ പഞ്ചായത്തിലെ വെളിയത്തുനാട് തടിക്കക്കടവ് ജംഗ്ഷന് സമീപം നിർവഹിക്കും. ഡ്രോൺ ഓപ്പറേഷൻ, മെയിന്റനൻസ്, റിപ്പയർ എന്നിവയുൾപ്പെടെ ഡ്രോൺ സാങ്കേതികവിദ്യയിൽ കുടുംബശ്രീ അംഗങ്ങളെ വിദഗ്ധർ ആക്കുന്നതിനാണ് ഈ പുതിയ സംരംഭം. നെൽവിത്ത് വിതയ്ക്കൽ, വളപ്രയോഗം, വിള രോഗനിർണയം തൂടങ്ങി വിവിധ കാർഷിക ജോലികൾക്കായി ഡ്രോണുകൾ ഉപയോഗിക്കാം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിലുള്ള ചൂർണ്ണിക്കര പഞ്ചായത്തിലെ അങ്കണവാടികളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന അങ്കണവാടി വർക്കർ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ചൂർണ്ണിക്കര പഞ്ചായത്തിൽ സ്ഥിര താമസക്കാരും 01/01/2024ന് 18 വയസ്സ് പൂർത്തിയായവരും 46 വയസ്സ് പൂർത്തിയാകാത്തവരുമായ വനിതകൾക്ക് അപേക്ഷിക്കാം. സംവരണ വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സിളവിന് അർഹതയുണ്ടാകും.അപേക്ഷകർ എസ്.എസ്.എൽ.സി.യോ, തത്തുല്ല്യ പരീക്ഷയോ പാസ്സായിരിക്കണം.

പൂരിപ്പിച്ച അപേക്ഷകൾ നവംബർ നാലിന് വൈകിട്ട് 5 മണി വരെ തോട്ടക്കാട്ടുകരയിൽ പ്രവർത്തിക്കുന്ന വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

അപേക്ഷയുടെ മാതൃക വാഴക്കുളം അഡീഷണൽ ഐ.സി.ഡി .എസ് പ്രോജക്ട് ഓഫീസ്, ആലുവ മുനിസ്സിപ്പൽ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിക്കും ഫോൺ:9387162707,7012603724,9747474068.

## സംസ്കൃത സർവ്വകലാശാല: പി എച്ച്. ഡി. പ്രവേശന പരീക്ഷ മാറ്റി

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഒക്ടോബർ 22ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന സോഷ്യൽ വർക്ക് വിഭാഗത്തിലേയ്ക്കുള്ള പ്രവേശന പരീക്ഷ ഒക്ടോബർ 24 ലേയ്ക്ക് മാറ്റിയതായി സർവ്വകലാശാല അറിയിച്ചു. സമയം ഉച്ചകഴിഞ്ഞ് രണ്ട് മുതൽ അഞ്ച് വരെ.



# ബി.എസ്.എൻ.എൽ മിനി മാരത്തോൺ സംഘടിപ്പിച്ചു

**കൊച്ചി :** ബിഎസ്എൻഎല്ലിന്റെ ഇരുപത്തിയഞ്ചാമത് സ്ഥാപകദിന വാർഷികത്തോടനുബന്ധിച്ചു ബി.എസ്.എൻ.എൽ എറണാകുളം ബിസിനസ് ഏരിയയുടെ നേതൃത്വത്തിൽ മിനി മാരത്തോൺ സംഘടിപ്പിച്ചു. എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിൽ നിന്ന് രാവിലെ ആറു മണിക്ക് ആരംഭിച്ച മാരത്തോൺ പത്തു കിലോമീറ്റർ,അഞ്ചു കിലോമീറ്റർ എന്നീ വിഭാഗങ്ങളിൽ പുരുഷന്മാർക്കും വനിതകൾക്കും അൻപതു വയസ്സിന് മുകളിലും താഴെയുമുള്ള വിവിധ വിഭാഗങ്ങളിലയിരുന്നു മത്സരം.പത്തു കിലോമീറ്റർ മത്സരം ഒളിമ്പ്യൻ സാജൻ പ്രകാശും, അഞ്ച് കിലോമീറ്റർ മത്സരം ബിഎസ്എൻഎൽ കേരള സർക്കിൾ ചീഫ് ജനറൽ മാനേജർ ബി സുനിൽകുമാറും ഫ്ലാഗ് ഓഫ് ചെയ്തു. ബിഎസ്എൻഎൽ ഉദ്യോഗസ്ഥർക്ക് പുറമേ ഏകദേശം എഴുന്നൂറിയമ്പതോളം പേർ മാരത്തണിൽ പങ്കെടുത്തു.

അൻപതു വയസ്സിനു താഴെ പത്തു കിലോമീറ്റർ വിഭാഗത്തിൽ അരുൺ കെ, റീബ അന്ന ജോർജ്, അഞ്ച് കിലോമീറ്റർ വിഭാഗത്തിൽ മനോജ്, അഞ്ജു മുരുകൻ അൻപതു വയസ്സിനു മുകളിൽ പത്തു കിലോമീറ്റർ വിഭാഗത്തിൽ സാബു പോൾ, രമ എ. കെ, അഞ്ച് കിലോമീറ്റർ വിഭാഗത്തിൽ ഉബൈദ് കെ. എച്, സുലത കമ്മത്ത് എന്നിവർ യഥാക്രമം ഒന്നാം സ്ഥാനം നേടി. ഒളിമ്പ്യൻ സാജൻ പ്രകാശ്, ബി എസ് എൻ എൽ കേരള ചീഫ് ജനറൽ മാനേജർ ബി സുനിൽകുമാർ, കേരള ടെലികോം അഡിഷണൽ ഡയറക്ടർ ജനറൽ ശോഭന വി, എറണാകുളം ബിസിനസ് ഏരിയ പ്രിൻസിപ്പൽ ജനറൽ മാനേജർ വി സുരേന്ദ്രൻ, ബി എസ് എൻ എൽ കേരള സർക്കിൾ മൊബൈൽ സർവീസ് പ്രിൻസിപ്പൽ ജനറൽ മാനേജർ ഡോ. കെ. ഫ്രാൻസിസ് ജേക്കബ് എന്നിവർ സമ്മാനദാനം നിർവഹിച്ചു.

## സംസ്ഥാനങ്ങളുടെ ശരാശരി ജിഡിപി വളർച്ച 11.2 ശതമാനം

**കൊച്ചി:**സംസ്ഥാനങ്ങളുടെ ശരാശരി ജിഡിപി വളർച്ച കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ 11.8 ശതമാനത്തിൽ നിന്ന് 11.2 ശതമാനമായി കുറഞ്ഞതായി നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിന്റെ (എൻഎസ്ഇ) വിലയിരുത്തൽ ചൂണ്ടിക്കാട്ടുന്നു. 21 സംസ്ഥാനങ്ങളുടെ ബജറ്റുകൾ വിശകലനം ചെയ്താണ് എൻഎസ്ഇ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. മധ്യപ്രദേശിന്റെ കാര്യത്തിൽ ഇത് 0.6 ശതമാനമാണെങ്കിൽ മിസോറാമിന്റെ കാര്യത്തിൽ 22.1 ശതമാനമാണ് എന്ന രീതിയിൽ ഗണ്യമായ വ്യത്യാസമാണ് വിവിധ സംസ്ഥാനങ്ങളുടെ കാര്യത്തിലുള്ളത്. റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ 10.6 ശതമാനം വർധനവും ഉണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ മൂലധന ചെലവുകൾ മൂന്നു വർഷം ശക്തമായി ഉയർന്ന ശേഷം 2025 സാമ്പത്തിക വർഷത്തിൽ മിതമായ തോതിലേക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. പഞ്ചാബ്, കേരളം, ഹിമാചൽ പ്രദേശ് തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ റവന്യൂ വരുമാനത്തിന്റെ 35 ശതമാനം 2025 സാമ്പത്തിക വർഷത്തിലെ പ്രതിജ്ഞാബദ്ധമായ ചെലവുകൾക്കായി നീക്കിവച്ചിട്ടുണ്ട്.21 സംസ്ഥാനങ്ങളുടെ ആകെ റവന്യൂ കമ്മി 10 ലക്ഷം കോടി രൂപയാണ്. നികുതി വരുമാനത്തിന്റെ 30 ശതമാനം മാത്രം സംഭാവന ചെയ്യുന്ന സംസ്ഥാനങ്ങൾക്ക് മൊത്തം സർക്കാർ ചെലവിന്റെ 60 ശതമാനത്തിന് മുകളിൽ ബാധ്യതയാണ്. സാമ്പത്തിക നില മെച്ചപ്പെടുത്തേണ്ടത് കൂടുതൽ നിർണായകമാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

## ഉൽപ്പന്നങ്ങളുടെ അനധികൃത വിൽപ്പന തടയാൻ നടപടികളുമായി ആംവേ ഇന്ത്യ

**കൊച്ചി:** ഉൽപ്പന്നങ്ങളുടെ അനധികൃത വിൽപ്പന തടയാൻ നടപടികളുമായി ആംവേ ഇന്ത്യ. ഉണ്ടായേക്കാവുന്ന അപകടസാധ്യതകളെ കുറിച്ച് പങ്കാളികളെ ബോധവൽക്കരിക്കുക, വിതരണ ശൃംഖലയുടെ നിരീക്ഷണം വർദ്ധിപ്പിക്കുക, അംഗീകൃത വിതരണക്കാർക്കുള്ള പിന്തുണയും സഹായങ്ങളും മെച്ചപ്പെടുത്തുക, കുറ്റവാളികൾക്കെതിരെ കർശനമായ നടപടികൾ എന്നിവ നടപ്പാക്കുമെന്നും ആംവേ അധികൃതർ വ്യക്തമാക്കി.

# മാക്സ് അർബ്ൻ ഫാഷനും സംഗീതവും സമന്വയിപ്പിക്കുന്നു

**കൊച്ചി:** മാക്സ് അർബ്ൻ ഫാഷനും സംഗീതവും സമന്വയിപ്പിച്ചു ഓണത്തിനെ വരവേൽക്കാനൊരുങ്ങുന്നു. കേരളത്തിന്റെ പ്രിയപ്പെട്ട റാപ്പറായ ഡാബ്സിയുമായി ചേർന്നാണ് പുതിയ മാനം നൽകുന്നത്.

കഴിഞ്ഞ ദിവസം ഡാബ്സിയുടെ പരിപാടിയും നടന്നു. എക്സ്ക്ലൂസീവ് കേരള തനിമയായുള്ള ഫാഷനും സംഗീതവും ചേർത്ത് കേരളത്തിലെ യുവ പ്രേക്ഷകരിൽ ശക്തമായ സ്വാധീനം ചെലുത്തുന്ന ആഘോഷമാക്കാനാണ് പദ്ധതിയെന്നു മാക്സ് ഫാഷൻ എവിപി ബിസിനസ് ഹെഡ് അനീഷ് രാധാകൃഷ്ണൻ പറഞ്ഞു.




കേരള വിപണിയിൽ യുവാക്കളുമായി തങ്ങളുടെ ബ്രാൻഡിന്റെ ബന്ധം ശക്തിപ്പെടുത്തുന്നതിൽ കൂടുതൽ പ്രാധാന്യമുണ്ടെന്നും മാക്സ് ഫാഷൻ ഇന്ത്യയുടെ മാർക്കറ്റിംഗ് മേധാവി പല്ലവി പാണ്ഡെ കൂട്ടിച്ചേർത്തു. പുതിയ പങ്കാളിത്തം കേരളത്തിലെ 17 24 പ്രായത്തിലുള്ള വർക്കിടയിൽ മാക്സ് അർബ്ൻ വിപുലമാക്കാനാണ് ലക്ഷ്യമിടുന്നത്.

കേരള ശൈലിയും സംഗീതത്തോടുള്ള അഭിനിവേശവും ഉൾപ്പെടുത്തിയാണ് മലയാളത്തിൽ ഗാനം ഡാബ്സി തയ്യാറാക്കിയിരിക്കുന്നത്. മാക്സ് അർബ്ൻ ഇൻസ്റ്റാഗ്രാം പേജിൽ നിന്നും ഈ സംഗീതം ആസ്വദിക്കാവുന്നതാണ്.

# പുതിയ ഏഴ് ഡീലർഷിപ്പുകൾ കൂട്ടി; കിയ ഇന്ത്യ കേരളത്തിലെ സാന്നിധ്യം ശക്തമാക്കുന്നു

**ന്യൂഡൽഹി:** പ്രമുഖ പ്രീമിയം കാർ നിർമാതാക്കളായ കിയ ഇന്ത്യ കേരളത്തിൽ ഏഴ് പുതിയ ഡീലർഷിപ്പുകൾ കൂട്ടി ചേർത്തിരിക്കുന്നു. പുതിയ ഡീലർമാർ വരുന്നതോടെ കമ്പനിക്ക് സംസ്ഥാനത്ത് 30 ടച്ച് പോയന്റുകളാകും.



തുടർച്ചയായി ടച്ച് പോയന്റുകൾ വർധിപ്പിക്കുന്നതിലൂടെ കമ്പനി അതിന്റെ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് കൂടുതൽ ലഭ്യമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതിലൂടെ കിയയുടെ അടുത്ത തലമുറ സഞ്ചാര പരിഹാരങ്ങളുടെ തടസ്സരഹിതമായ അനുഭവം അവർക്ക് ലഭിയ്ക്കുന്നു എന്ന് ഉറപ്പാക്കുന്നു.

നിലവിൽ, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, കേരളം, പോണ്ടിച്ചേരി എന്നിവ ഉൾപ്പെടുന്ന ദക്ഷിണേന്ത്യയിൽ ബ്രാൻഡിന് 178 ടച്ച് പോയന്റുകളുണ്ട്. ടച്ച് പോയന്റുകളുടെ കാര്യത്തിൽ വടക്കൻ മേഖലയ്ക്ക് ശേഷം ബ്രാൻഡിന്റെ രണ്ടാമത്തെ വലിയ വിപണിയാണ് തെക്കൻ മേഖല.

പ്രാദേശിക, അയൽ പ്രദേശങ്ങളിൽ സേവനം നൽകുന്നതിനായി ഭൂമിശാസ്ത്രപരമായി പ്രധാനമായ സ്ഥലങ്ങളിൽ ടച്ച് പോയന്റുകൾ സ്ഥാപിച്ചുകൊണ്ട് കിയ തന്ത്രപരമായി ഈ മേഖലയിലെ സാന്നിധ്യം വിപുലീകരിച്ചു വരുന്നു. 2024 അവസാനത്തോടെ 700 ടച്ച് പോയന്റുകളാണ് കിയ ഇന്ത്യ ലക്ഷ്യമിടുന്നത്.

ദക്ഷിണേന്ത്യ കിയയുടെ ഏറ്റവും പ്രധാനപ്പെട്ട വിപണികളിലൊന്നാണ്. ഈ മേഖലയിലെ ടച്ച് പോയന്റുകൾ വികസിപ്പിക്കുന്നത് വളർച്ച, നവീകരണം എന്നിവയിലെ തങ്ങളുടെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു.വർധിച്ചുവരുന്ന മത്സരാധിഷ്ഠിത വിപണിയിൽ, ടച്ച് പോയന്റുകളുടെ വിപുലീകരണം പെട്ടെന്നുള്ള നേട്ടങ്ങൾക്ക് വേണ്ടി മാത്രമല്ല. ഉപഭോക്താക്കൾ വിശ്വസിക്കുന്ന അടിസ്ഥാന മൂല്യങ്ങളിൽ ഉറച്ചുനിന്നു കൊണ്ട് തന്നെ ഭാവിയിലെ വളർച്ചയെ പിന്തുണയ്ക്കുന്ന ഒരു അടിത്തറ കെട്ടിപ്പടുക്കുന്നതിന് വേണ്ടി കൂടിയാണ് ഇത് എന്ന് കിയ ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റും സെയിൽസ് ആൻഡ് മാർക്കറ്റിംഗ് നാഷണൽ ഹെഡുമായ ഹർദീപ് സിംഗ് ബ്രാർ പറഞ്ഞു.

കിയ ഇന്ത്യയ്ക്ക് ഈ മേഖലയിൽ 24 സിപിഒ(സർട്ടിഫൈഡ് പ്രീഓൺഡ്) ഔട്ട്ലെറ്റുകൾ ഉണ്ട്. മുൻ ഉടമസ്ഥതയിലുള്ള കിയ കാറുകളുടെ വിൽപ്പന, കൈമാറ്റം, വാങ്ങൽ എന്നിവ കൈകാര്യം ചെയ്യുന്നു അത്.മുൻ ഉടമസ്ഥതയിലുള്ള ഈ കാറുകൾ ഉപഭോക്താക്കൾക്ക് കൈമാറുന്നതിന് മുമ്പ് 175പോയന്റ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കുന്നു.

# അംബാനിയെ പിന്തള്ളി പൂനാവാല;കരൺ ജോഹറിന്റെ കമ്പനിയുടെ 50% ഓഹരി സ്വന്തമാക്കിയത് 1000 കോടിയ്ക്ക്

**മുംബൈ:** കരൺ ജോഹറിന്റെ ധർമ്മ പ്രൊഡക്ഷൻസിന്റെ ഓഹരി വാങ്ങാനായി സെറം ഇൻസ്റ്റിറ്റ്യൂട്ട് ഉടമ ആദർ പൂനാവാല ചെലവഴിച്ചത് 1000 കോടി രൂപയെന്ന് റിപ്പോർട്ടുകൾ. ധർമ്മ പ്രൊഡക്ഷൻസിന്റെ 50% ഓഹരികളാണ് സെറീൻ എന്റർടെയിൻമെന്റ് സിന്റെ പേരിൽ ആദർ പൂനാവാല വാങ്ങിയത്.

ഓഹരി വാങ്ങാൻ റിലയൻസ് ഗ്രൂപ്പും ആർ.പി സഞ്ജീവ് ഗോയങ്കയുടെ സരിഗമ ഇന്ത്യ ലിമിറ്റഡും ശ്രമിച്ചിരുന്നു. ഇവരെ പിന്നിലാക്കിയാണ് സെറീൻ ഗ്രൂപ്പ് രാജ്യത്തെ മുൻനിര പ്രൊഡക്ഷൻ ഗ്രൂപ്പിന്റെ പകുതി ഓഹരി സ്വന്തമാക്കിയത്. ബോളിവുഡിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഹിറ്റ് സിനിമകൾ സമ്മാനിച്ച പ്രൊഡക്ഷൻ ഹൗസുകളിൽ ഒന്നാണ് 1976 യഷ് ജോഹർ സ്ഥാപിച്ച ധർമ്മ പ്രൊഡക്ഷൻസ്.യഷ് ജോഹറിന്റെ മരണത്തോടെ മകൻ കരൺ ജോഹർ ധർമ്മ പ്രൊഡക്ഷൻസിന്റെ സാരഥിയായി. രാജ്യത്തിന്റെ തന്നെ അഭിമാനമായ ധർമ്മ പ്രൊഡക്ഷൻസിന്റെ പങ്കാളി ആകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും. ഒരുമിച്ച് ധർമ്മ പ്രൊഡക്ഷൻസിന്റെ യശസ്സ് ഇനിയും ഉയരങ്ങളിൽ എത്തിക്കുമെന്നും ആദർ പൂനാവാല പറഞ്ഞു. ഇന്ത്യയിലെ പ്രമുഖ ബിസിനസ്സ്കാരനും ശതകോടീശ്വരനുമാണ് ആദർ പൂനാവാല.



# അനിൽ കപൂർ വിവ എസിപി ബ്രാൻഡ് അംബാസിഡർ

**കൊച്ചി:** അലൂമിനിയം കോമ്പോസിറ്റ് പാനലിന്റെ (എസിപി) ഏഷ്യയിലെ ഏറ്റവും വലിയ നിർമ്മാതാക്കളും വിതരണക്കാരുമായ വിവയുടെ ബ്രാൻഡ് അംബാസിഡറായി ബോളിവുഡ് താരം അനിൽ കപൂറിനെ നിയമിച്ചു.

അനിൽ കപൂറിന്റെ ഇന്ത്യയിലും ആഗോളതലത്തിലുമുള്ള സ്വാധീനം ഏറ്റവും മികച്ച ഉൽപ്പന്നങ്ങൾ നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധതയേയും ആധുനികതയോടുള്ള രാജ്യത്തിന്റെ കാഴ്ചപ്പാടിനേയും ആഗോളതലത്തിലെത്തിക്കാൻ സഹായിക്കുമെന്ന് വിവ എസിപി സിഎംഡി പ്രകാശ് ജെയിൻ പറഞ്ഞു.ആധുനികതയ്ക്കും ഈടിനും പേരുകേട്ട ബ്രാൻഡുമായി സഹകരിക്കാനുള്ള അവസരമാണ് വിവ എസിപിയുമായുള്ള പങ്കാളിത്തത്തിലൂടെ കൈവന്നിരിക്കുന്നതെന്ന് അനിൽ കപൂർ പറഞ്ഞു.കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക: https://vivaacp.com/

# ഗാലക്സി എ16 5ജി അവതരിപ്പിച്ച് സാംസങ്ങ്

**കൊച്ചി:** സാംസങ് ഗാലക്സി എ16 5ജി 18999 രൂപ മുതൽ ഇന്ത്യയിൽ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഉപഭോക്താക്കൾക്ക് പ്രാപ്തമാകുന്ന വിലയിൽ പുതുമകൾ കൊണ്ടുവരുവാൻ ലക്ഷ്യമിട്ടാണ് ഗാലക്സി എ 16 5ജിയിൽ ആറ് ജനറേഷൻ ഒ.എസ് അപ്ഗ്രേഡുകളും ആറ് വർഷത്തേക്ക് സെക്യൂരിറ്റി അപ്ഗ്രേഡുകളും ലഭ്യമാക്കിക്കൊണ്ട് ഇന്ത്യയിലെ മിഡ് റേഞ്ച് സ്മാർട്ട് ഫോണുകൾക്ക് ഒരു പുതിയ മാനദണ്ഡം രചിക്കാൻ സാംസങ്ങ് ഒരുങ്ങുന്നത്.

8ജിബി/128 ജിബി, 8ജിബി/256ജിബി എന്നിങ്ങനെ രണ്ടു വേരിയന്റുകളിൽ ട്രൻഡി നിറങ്ങളായ ഗോൾഡ്, ലൈറ്റ് ഗ്രീൻ, ബ്ലൂ ബ്ലാക്ക് എന്നീ നിറങ്ങളിൽ സാംസങ്ങ് ഗാലക്സി എ16 5ജി ലഭ്യമാകും. ഇന്നുമുതൽ റീട്ടയിൽ സ്റ്റോറുകളിലും Samsung.com, Amazon.in, Flipkart.com എന്നിവയുൾപ്പടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും ഇത് ലഭ്യമാകും.

# ദേശീയ കേസ് സ്റ്റഡി മത്സരം സംഘടിപ്പിച്ച് ഇസാഫ്



**കൊച്ചി:** വിദ്യാർത്ഥികൾക്കിടയിൽ ബിസിനസ് മൂല്യങ്ങൾ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇസാഫും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദും (ഐആർഎംഎ) സംയുക്തമായി ദേശീയ കേസ് സ്റ്റഡി മത്സരം സംഘടിപ്പിച്ചു. ഗുരുഗ്രാം മാസ്റ്റേഴ്സ് യൂണിയൻ സ്കൂൾ ഓഫ് ബിസിനസിൽ നിന്നുള്ള ഹരിശങ്കർ, ജിഫിൻ അൽഅബ്ബാസ് എന്നിവർ മത്സര വിജയികളായി. ശർവരി അംബേർക്കർ, രുഷിക അയ്യർ (സിംബയോസിസ് സെന്റർ ഫോർ ഇൻഫോർമേഷൻ, പൂനെ) എന്നിവർ രണ്ടാം സ്ഥാനവും, ധരിണി ഗ്രോവർ, റിതിക മഹേശ്വരി (ടി.എ. പൈ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, മണിപ്പാൽ) എന്നിവർ മൂന്നാം സ്ഥാനവും നേടി.

ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ രാജ്യത്തെ 200ഓളം പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വിദ്യാർത്ഥികളാണ് പങ്കെടുത്തത്. ഒന്നാം സ്ഥാനം നേടിയവർക്ക് 25000 രൂപയും, രണ്ടാം സ്ഥാനത്തിന് 15000 രൂപയും, മൂന്നാം സ്ഥാനത്തിന് 10000 രൂപയുമാണ് സമ്മാനത്തുക. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ആളുകളെയും പരിസ്ഥിതിയെയും ഉൾപ്പെടുത്തി സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ട് സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗമായാണ് ബിസിനസിനെ കാണുന്നതെന്ന് ഇസാഫ് സ്ഥാപകൻ കെ. പോൾ തോമസ് പറഞ്ഞു.




# കേരളത്തിൽ ന്യൂട്രാസ്യൂട്ടിക്കലുകൾക്ക് മികച്ച സാധ്യത: മന്ത്രി പി രാജീവ്

**കൊച്ചി:** കരൾ സംരക്ഷണത്തിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കടൽപായലിൽ നിന്നും വികസിപ്പിച്ച പ്രകൃതിദത്ത ഉൽപന്നം (ന്യൂട്രാസ്യൂട്ടിക്കൽ) വിപണിയിൽ. ഗ്രീൻറെക്സ് എന്ന പേരിൽ നിർമ്മിച്ച ഉൽപന്നത്തിന്റെ വിപണി ലോഞ്ചിംഗ് വ്യവസായ മന്ത്രി പി രാജീവ് നിർവഹിച്ചു. കേരളത്തിൽ ന്യൂട്രാസ്യൂട്ടിക്കലുകൾക്ക് മികച്ച സാധ്യതയാണുള്ളതെന്ന് അദ്ദേഹം പറഞ്ഞു. ഗവേഷണ സ്ഥാപനങ്ങളും വ്യവസായമേഖലയും തമ്മിൽ മികച്ച ബന്ധം സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിലാണ് കേരള സർക്കാർ. സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരമായി വികസിപ്പിക്കുന്ന ഗവേഷണങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുകയാണ് ലക്ഷ്യം. കടൽപായലിൽ നിന്നും ജീവിതശൈലീ രോഗങ്ങളെ ചെറുക്കാൻ സിഎംഎഫ്ആർഐ നടത്തിയ ഗവേഷണപ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ് മന്ത്രി പറഞ്ഞു.സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചതാണ് ഗ്രീൻറെക്സ്. ഉൽപന്നം വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നത് സ്വകാര്യ കമ്പനിയായ എമിനിയോടെക്കാണ്.

കടൽപായലിലെ ഗുണകരമായ ബയോആക്ടീവ് ഘടകങ്ങൾ ഉപയോഗിച്ചാണ് ഉൽപന്നം വികസിപ്പിച്ചിരിക്കുന്നത്. കരളിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അമിതമായി അടിഞ്ഞുകൂടിയ കൊഴുപ്പിന്റെ അളവ് നിയന്ത്രിക്കുന്നതിനും ഈ ഉൽപന്നം സഹായകരമാണ്.പോഷക സുരക്ഷക്കൊപ്പം, പല ആന്തരിക അവയവങ്ങളുടെയും ആരോഗ്യസംരക്ഷണത്തിനും കടൽപായൽ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ ഫലപ്രദമാണെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ച് നിർമിച്ച ഈ ഉൽപന്നത്തിന് യാതൊരുവിധ പാർശ്വഫലങ്ങളുമില്ലെന്നത് ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണെന്ന് ഈ ഗവേഷണത്തിന് നേതൃത്വം നൽകിയ ഡോ കാജൽ ചക്രവർത്തി പറഞ്ഞു.നേരത്തെ, പ്രമേഹം, സന്ധിവേദന, അമിതവണ്ണം, രക്തസമ്മർദം, തൈറോയിഡ് എന്നിവയെ പ്രതിരോധിക്കാനായി സിഎംഎഫ്ആർഐ വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ സ്വകാര്യ കമ്പനികൾ വഴി വിപണിയിലെത്തിച്ചിട്ടുണ്ട്.ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയവയിൽ നിന്ന് ഓൺലൈനായും പ്രധാന മരുന്നുവിൽപനശാലകളിലും ഉൽപന്നം ലഭ്യമാണെന്ന്എമിനിയോടെക് മാനേജിംഗ് ഡയറക്ടർ ഇവാൻജലിസ്റ്റ് പത്രോസ് പറഞ്ഞു.രാജ്യത്ത് 342 നിർദിഷ്ട സ്ഥലങ്ങൾ കടൽപായൽകൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ അടയാളപ്പെടുത്തിയിട്ടുണ്ട്. സിഎംഎഫ്ആർഐയുടെ പഠനപ്രകാരം, ഈ സ്ഥലങ്ങളിൽ 24167 ഹെക്ടറിലായി പ്രതിവർഷം 97 ലക്ഷം ടൺ കടൽപായൽ ഉൽപാദനം സാധ്യമാണ്.ആലപ്പുഴ ഗവ.മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ കെ അനിൽകുമാർ, എമിനോടെക് ഡയറക്ടർ അനിൽകുമാർ രാജേന്ദ്രൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

# വ്യവസായവും വിദ്യാഭ്യാസവും തമ്മിലുള്ള അന്തരം കുറയ്ക്കുക ലക്ഷ്യം: മന്ത്രി ആർ ബിന്ദു

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളിലൂടെ അതിവേഗം കടന്നു പോകുന്ന ഘട്ടത്തിൽ, കാലാനുസൃതമായ വെല്ലുവിളികളെ മറികടന്ന് വ്യവസായവും വിദ്യാഭ്യാസവും തമ്മിലുള്ള അന്തരം എങ്ങനെ കുറയ്ക്കാം എന്നുള്ളതിൽ ഊന്നൽ നൽകി ആയിരിക്കും ഉദ്യമ 1.0 സംഘടിപ്പിക്കുന്നതെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന ഇൻഡസ്ട്രി അക്കാദമിയ ഗവൺമെന്റ് കോൺക്ലേവ്, ഉദ്യമ 1.0 യുടെ വെബ്സൈറ്റ് പ്രകാശനം എറണാകുളം പ്രസ്സ് ക്ലബ്ബിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.കേരളത്തെ ഒരു ജ്ഞാനസമൂഹമാക്കി പരിവർത്തനപ്പെടുത്തുന്നതിനും കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനുമുള്ള അടുത്തഘട്ട കാൽവെപ്പായാണ് ഉദ്യമ ഒരുക്കുന്നത് .

ഡിസംബർ 19, 20 തിയതികളിൽ



കൊച്ചിൻ സർവ്വകലാശാലയിൽ നടക്കുന്ന കോൺക്ലേവിന് പ്രാരംഭമായി ഡിസംബർ 7 മുതൽ 10 വരെ തിരുവനന്തപുരത്ത് 'ഉദ്യമ 1.0' അരങ്ങേറും.

ശാസ്ത്രസാങ്കേതിക മേഖലകൾക്ക് പ്രാമുഖ്യം നൽകും. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരും വ്യവസായ പ്രതിനിധികളും ഉൾപ്പെട്ട പാനലിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് വിഷൻ ഡോക്യുമെന്റ് തയ്യാറാക്കലും നാലാം വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി ഉരുത്തിരിയുന്ന നൂതന സാങ്കേതികവിദ്യകൾ സ്വായത്തമാക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കലും പരിപാടിയുടെ ഭാഗമായി നടക്കും. വിദ്യാർത്ഥികളുടെ നൂതനാശയങ്ങളുടെ സമാഹരണവും പുതിയ സാങ്കേതികവിദ്യകളുടെയും ഉൽപ്പന്നങ്ങളുടെയും രജിസ്ട്രേഷനും ഗ്രാമീണ സാങ്കേതികവിദ്യകളുടെ രജിസ്ട്രേഷൻ തുടങ്ങിയവയും വെബ്സൈറ്റ് വഴി ഏകോപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

# സിബി300എഫ് ഫ്ളെക്സ്ഫ്യൂവൽ അവതരിപ്പിച്ച് ഹോണ്ട



**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ 300 സിസി ഫ്ളെക്സ്ഫ്യൂവൽ മോട്ടോർസൈക്കിളായ സിബി300എഫ് ഫ്ളെക്സ്ഫ്യൂവൽ മോഡൽ അവതരിപ്പിച്ച് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ). പരിസ്ഥിതിക്ക് പ്രാധാന്യം നൽകുന്ന റൈഡർമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന പുതിയ മോഡൽ ഒരൊറ്റ വേരിയൻറിലും സ്പോർട്സ് റെഡ്, മാറ്റ് ആക്സിസ് ഗ്രേ മെറ്റാലിക് എന്നീ രണ്ട് കളർ ഓപ്ഷനുകളിലും ലഭ്യമാകും.

1,70,000 രൂപയാണ് ഡൽഹി എക്സ്ഷോറൂം വില. ബുക്കിങ് തുടങ്ങി, 2024 ഒക്ടോബർ അവസാന വാരം മുതൽ രാജ്യത്തുടനീളമുള്ള എല്ലാ ഹോണ്ട ബിഗ്വിങ് ഡീലർഷിപ്പുകളിലും സിബി300എഫ് ഫ്ളെക്സ് ഫ്യൂവൽ ലഭ്യമാകുമെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ പ്രസിഡൻറും, സിഇഒയും, മാനേജിങ് ഡയറക്ടറുമായ സുത്സുമു ഒട്ടാനി പറഞ്ഞു.ഇ85 ഇന്ധനം (85% എഥനോൾ, 15% ഗ്യാസോലിൻ) വരെ വഴങ്ങുന്ന 293.52 സിസി, ഓയിൽകൂൾഡ്, 4 സ്ട്രോക്ക് എഞ്ചിനാണ് സിബി300എഫ് ഫ്ളെക്സ് ഫ്യൂവലിൻറെ കരുത്ത്. ഇത് 18.3 കി.വാട്ട് പവറും 25.9 എൻ എം പീക്ക് ടോർക്കും ഉത്പാദിപ്പിക്കും. റൈഡ് കൂടുതൽ സുഗമമാക്കാനും സുരക്ഷക്കുമായി 6 സ്പീഡ് ഗിയർബോക്സ്, അസിസ്റ്റ് സ്ലിപ്പർ ക്ലച്ച്, ഡ്യുവൽചാനൽ എബിഎസ്, ഹോണ്ടയുടെ സെലക്ടബിൾ ടോർക്ക് കൺട്രോൾ (എച്ച്എസ്ടിസി), ഗോൾഡൻ കളർയുഎസ്ഡി ഫ്രണ്ട് ഫോർക്ക്സ, 5സ്റ്റെപ്പ് ഏഅഡ്ജസ്റ്റബിൾ റിയർ മോണോ ഷോക്ക് സസ്പെൻഷൻ എന്നീ ഫീച്ചറുകളും സിബി300എഫ് ഫ്ളെക്സ് ഫ്യൂവലിലുണ്ട്. ഫുള്ളി ഡിജിറ്റൽ ഇൻസ്ട്രുമെൻറ്, ഓൾഎൽഇഡി ലൈറ്റിങ് സിസ്റ്റം എന്നിവയാണ് മറ്റു സവിശേഷതകൾ.2050ഓടെ എല്ലാ ഉത്പന്നങ്ങൾക്കും കോർപ്പറേറ്റ് പ്രവർത്തനങ്ങൾക്കും കാർബൺ ന്യൂട്രാലിറ്റി കൈവരിക്കാനാണ് ഹോണ്ടയിൽ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# റീഫർബിഷ് ചെയ്ത മെഡിക്കൽ ഉപകരണങ്ങൾ: പിഎസ്എഐഐഎഫ് പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു

**ന്യൂഡൽഹി:** ആരോഗ്യസംരക്ഷണ സംവിധാനത്തിൽ ഇതുവരെ വിശ്വാസ്യതയും ഫലപ്രാപ്തിയും തെളിയിക്കപ്പെടാത്തതും രോഗികളുടെ സുരക്ഷയ്ക്ക് ഭീഷണി സൃഷ്ടിച്ചേക്കാവുന്നതുമായ റീഫർബിഷ് ചെയ്ത മെഡിക്കൽ ഉപകരണങ്ങളുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യത്തിൽ ആശങ്ക ചൂണ്ടിക്കാട്ടി പേഷ്യൻ്റ് സേഫ്റ്റി ആൻഡ് ആക്സസ് ഇനിഷ്യേറ്റീവ് ഓഫ് ഇന്ത്യ ഫൗണ്ടേഷൻ (പിഎസ്എഐഐഎഫ്) ഡൽഹി ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു.

മതിയായ അംഗീകാരങ്ങളോ അനുമതിയോ നേടാതെ റീഫർബിഷ് ചെയ്ത മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യയിലേക്ക് അനധികൃതമായി ഇറക്കുമതി ചെയ്യുന്നത് പൊതുജനാരോഗ്യം, ഇന്ത്യയുടെ സ്വാശ്രയത്വം എന്നിവയിൽ കാര്യമായ ആശങ്കകൾ ഉയർത്തുന്ന ഒരു പ്രധാന പ്രശ്നമാണെന്ന് ഹർജിയിൽ ചൂണ്ടിക്കാണിക്കുന്നു. റീഫർബിഷ് ചെയ്തവ ഉൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങൾ 2017 ലെ മെഡിക്കൽ ഉപകരണ നിയമ പ്രകാരം കർശനമായ നിയന്ത്രണ ജാഗ്രതയിലാണ് നിയന്ത്രിക്കുന്നത്. വിപണിയിൽ പ്രവേശിക്കുന്നതിന് മുമ്പ് മെഡിക്കൽ ഉപകരണങ്ങൾ കർശനമായ സുരക്ഷയും ഫലപ്രാപ്തി മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ നിയന്ത്രണങ്ങൾ ലക്ഷ്യമിടുന്നതായും ഹർജിയിൽ ചൂണ്ടിക്കാട്ടി.

പരിസ്ഥിതി വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ (എംഒഇഎഫ്സിസി) അനുമതിയില്ലാതെ 2019 മുതൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത അടിയന്തര പരിചരണ മെഡിക്കൽ ഉപകരണങ്ങൾ ഒഴികെയുള്ള എല്ലാ സെക്കൻഡ് ഹാൻഡ്, റീഫർബിഷ് ചെയ്ത ഹൈഎൻഡ്, ഹൈവാല്യൂ ഉപയോഗിച്ച മെഡിക്കൽ ഉപകരണങ്ങളുടെയും പട്ടിക കണ്ടെത്തി സമർപ്പിക്കാൻ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഹർജി സമർപ്പിച്ചിട്ടുണ്ടെന്ന് പിഎസ്എഐഐഎഫ് സ്ഥാപകൻ പ്രൊഫസർ ബെജോൺ കുമാർ മിശ്ര പറഞ്ഞു.

# ഡിജിറ്റൽ പേയ്മെന്റ് തട്ടിപ്പിൽ നിന്നും സുരക്ഷ: ഉപദേശവുമായി എൻപിസിഐ

**കൊച്ചി:** ഉത്സവകാല ഷോപ്പിംഗുകൾക്കിടിയിൽ പല ഉപഭോക്താക്കളും സുരക്ഷാ സമ്പ്രദായങ്ങളെ അവഗണിക്കുകയും അതുവഴി വലിയ സാമ്പത്തിക നഷ്ടവും മാനസിക പ്രയാസങ്ങളും വിളിച്ചുവരുത്താറുണ്ട്. ഉത്സവ കാലം കൂടുതൽ സുരക്ഷിതമായി ആഘോഷിക്കാൻ ഉപഭോക്താക്കൾക്ക് ഉപദേശമൊരുക്കിയിരിക്കുകയാണ് എൻപിസിഐ.

പെട്ടെന്നുള്ള ഓഫറുകളും കിഴിവുകളും ഉൽപ്പന്നങ്ങൾ വാങ്ങാൻ പ്രേരിപ്പിക്കും. ഇത് വാങ്ങാനുള്ള തിരക്കിൽ പ്ലാറ്റഫോമിൻറെ വിശ്വാസ്യതയെ പലപ്പോഴും അവഗണിച്ചേക്കാം. പരിചയമില്ലാത്ത കച്ചവടക്കാരിൽ നിന്നും വെബസൈറ്റുകളിൾ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് മുൻപ് മതിയായ അന്വേഷണം നടത്തണം. ഓഫറുകൾക്കായി സൈൻ അപ്പ് ചെയ്യുമ്പോൾ അമിതമായി വ്യക്തിഗത വിവരങ്ങൾ കൈമാറരുത്. ഇത് ഡാറ്റ മോഷണത്തിനുള്ള സാധ്യത വർദ്ധിപ്പിക്കും.സാമ്പത്തിക വിവരങ്ങൾ ഹാക്കർമാർക്ക് അനായാസം ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഷോപ്പിംഗ് മാളുകളിലും മറ്റുമുള്ള സുരക്ഷിതമല്ലാത്ത ഓപ്പൺ വൈഫൈ നെറ്റ്വർക്കുകൾ ഉപയോഗിക്കരുത്.ഉത്സവ കാലത്ത് വലിയ രീതിയിൽ സാധനങ്ങൾ ഓർഡർ ചെയ്യുമ്പോൾ ഫിഷിംഗ് തട്ടിപ്പുകൾക്കുള്ള സാധ്യത കൂടുതലാണ്. പെയ്മെൻറ് ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിന് മുൻപ് നിർബന്ധമായും രണ്ട് തവണ പരിശോധിക്കണം.

അക്കൗണ്ടുകൾക്ക് എളുപ്പമുള്ളതോ ഡിഫാൾട്ടായി വരുന്നതോ ആയ പാസ്വേഡുകൾ ഉപയോഗിക്കരുത്. ഹാക്കർമാരിൽ നിന്നും രക്ഷ തേടുന്നതിനായി ഓരോ അക്കൗണ്ടിനും ശക്തമായതും വ്യത്യസ്തവുമായ പാസ്വേഡുകൾ ഉപയോഗിക്കണം.

# ഏഥർ എനർജി ഉത്സവ ഓഫറുകൾ പ്രഖ്യാപിച്ചു

**ന്യൂഡൽഹി:** വൈദ്യുത ഇരുചക്ര വാഹന വിപണിയിലെ മുൻനിരക്കാരായ ഏഥർ എനർജി 450ത 450 അപെക്സ് സ്കൂട്ടറുകൾക്ക് പ്രത്യേക ഉത്സവ ഓഫറുകൾ പ്രഖ്യാപിച്ചു. ദീർഘിപ്പിച്ച ബാറ്ററി വാറന്റി, സൗജന്യ ഏഥർ ഗ്രിഡ് ചാർജിംഗ്, ക്യാഷ് ഡിസ്കൗണ്ടുകൾ, ക്യാഷ്ബാക്ക് ഓഫറുകൾ എന്നിവയും 450ത, 450 അപെക്സ് എന്നിവയിൽ 25,000 വരെ ആനുകൂല്യങ്ങളും നൽകുന്ന ഓഫറുകളിൽ ഉൾപ്പെടുന്നതായി കമ്പനി അധികൃതർ വ്യക്തമാക്കി.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663